# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

പതിനാറാം സമ്മേളനം

2026 ജനുവരി 22, വ്യാഴം

ഔദ്യോഗിക റിപ്പോർട്ട്

വാല്യം 199 –നമ്പർ  3

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

2026 ജനുവരി 22, വ്യാഴം

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ഡോ. എൻ. കൃഷ്ണ കുമാർ

ചീഫ് എഡിറ്റർ
ശ്രീമതി ആർ. ഹേമലത

എഡിറ്റിങ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. കെ. ബി. ഗണേഷ് കുമാർ |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി | : ശ്രീ. ഒ. ആർ. കേളു |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. എം. ബി. രാജേഷ് |
| രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി | : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി | : ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ്ജ് |

## ഉള്ളടക്കം

**I. ചരമോപചാരം**

ബാബു എം. പാലിശ്ശേരി, എം. ആർ. രഘുചന്ദ്രബാൽ, കെ. കെ. നാരായണൻ, പി. എം. മാത്യു, വി. കെ. ഇബ്രാഹിം കുഞ്ഞ്, തോമസ് കുതിരവട്ടം എന്നിവരുടെ നിര്യാണം.

**II. ചെയർപേഴ്സൺമാരുടെ പാനൽ**

**III. ശ്രദ്ധക്ഷണിക്കൽ**

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പരിഷ്കരണത്തിലെ അപാകതകൾ

– ശ്രീ. സി. കെ. ഹരീന്ദ്രൻ

**IV സബ്മിഷൻ**

(1) എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ സ്കൂൾ ബസ്സുകൾ വാങ്ങുന്നതിന് ഫണ്ട്

-ശ്രീ. ഇ. ചന്ദ്രശേഖരൻ

(2) ചാലക്കുടി റിവർ ഡൈവേർഷൻ പദ്ധതിയിലെ പ്രതിസന്ധി

-ശ്രീ. കെ. കെ. രാമചന്ദ്രൻ

(3) എയ്ഡഡ് സ്കൂളുകളിലെ സ്ഥിര അധ്യാപക നിയമനം

-ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

(4) മാവൂർ തെങ്ങിലക്കടവിൽ കാൻസർ സെന്റർ

-ശ്രീ. പി. ടി. എ. റഹീം

**V. റിപ്പോർട്ട് സമർപ്പണം**

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പത്തൊൻപതാമത് റിപ്പോർട്ട്

**VI. ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്മേലുള്ള ചർച്ച**

അനുബന്ധം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

2026 ജനുവരി 22, വ്യാഴം

---

വാല്യം 199} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 3

---

നിയമസഭ 2026 ജനുവരി മാസം 22-ാം തീയതി വ്യാഴാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

<u>മി. സ്പീക്കർ:</u> ഓർഡർ............ ഓർഡർ.............

**I ചരമോപചാരം**

<u>ബാബു എം. പാലിശ്ശേരി, എം. ആർ. രഘുചന്ദ്രബാൽ, കെ. കെ. നാരായണൻ, പി. എം. മാത്യു, വി. കെ. ഇബ്രാഹിം കുഞ്ഞ്, തോമസ് കുതിരവട്ടം എന്നിവരുടെ നിര്യാണം</u>

**ബാബു എം. പാലിശ്ശേരി**

കേരള രാഷ്ട്രീയത്തിലെ നിറസാന്നിധ്യവും മുൻ എം.എൽ.എ.-യുമായ ശ്രീ. ബാബു എം. പാലിശ്ശേരി 2025 ഒക്ടോബർ 14-ന് അന്തരിച്ചു. തൃശ്ശൂർ ജില്ലയിലെ കൊരട്ടിക്കരയിൽ രാമൻ നായർ-അമ്മിണിയമ്മ ദമ്പതികളുടെ മകനായി 1958 മേയ് 13-നായിരുന്നു ജനനം. കുന്നംകുളം നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച് പന്ത്രണ്ട്, പതിമൂന്ന് നിയമസഭകളിൽ അദ്ദേഹം അംഗമായിരുന്നു. 1980-ൽ ഡി.വൈ.എഫ്.ഐ. രൂപവൽകരിച്ചപ്പോൾ കൊരട്ടിക്കരയിൽ പ്രഥമ യൂണിറ്റ് പ്രസിഡന്റായി പൊതുപ്രവർത്തനരംഗത്ത് എത്തിയ അദ്ദേഹം തൃശ്ശൂർ ജില്ലയിലെ യുവജന പ്രസ്ഥാനത്തെ കെട്ടിപ്പടുക്കുന്നതിൽ നിർണ്ണായക പങ്കുവഹിച്ചു. ഡി.വൈ.എഫ്.ഐ. സംസ്ഥാന എക്സിക്യൂട്ടീവ് അംഗം, സി.പി.ഐ.(എം.) കുന്നംകുളം ഏരിയാ സെക്രട്ടറി, സി.പി.ഐ.(എം.) തൃശ്ശൂർ ജില്ലാ സെക്രട്ടേറിയറ്റ് അംഗം, ഗ്രന്ഥശാലാ സംഘം ജില്ലാ പ്രസിഡന്റ്, സി.ഐ.ടി.യു. തൃശ്ശൂർ ജില്ലാ ജോയിന്റ് സെക്രട്ടറി, കേരള കലാമണ്ഡലം എക്സിക്യൂട്ടീവ് ബോർഡ് അംഗം, കേരള കരാട്ടെ അസോസിയേഷൻ ജില്ലാ പ്രസിഡന്റ് തുടങ്ങി കായിക-സാംസ്കാരിക-തൊഴിലാളി മേഖലകളിലെല്ലാം അദ്ദേഹം സജീവ പങ്കാളിയായിരുന്നു. ജനകീയ പ്രശ്നങ്ങളിൽ വിട്ടുവീഴ്ചയില്ലാത്ത നിലപാടുകൾ സ്വീകരിച്ചിരുന്ന അദ്ദേഹം,

സാധാരണക്കാരുടെ പ്രശ്നങ്ങൾ നിയമസഭയിൽ ഉറച്ച ശബ്ദത്തോടെ അവതരിപ്പിച്ചു. നിയമസഭയിലെ ഇടപെടലുകളിലൂടെ അദ്ദേഹം കുന്നംകുളത്തിന്റെ വികസനത്തിന് അടിത്തറയിട്ടു. വായനയെയും എഴുത്തിനെയും സ്നേഹിച്ച സാംസ്കാരിക പ്രവർത്തകൻ കൂടിയായിരുന്നു ബാബു എം. പാലിശ്ശേരി. ജനകീയാസൂത്രണ പ്രസ്ഥാനത്തിലും സഹകരണ മേഖലയിലും അദ്ദേഹം നൽകിയ സംഭാവനകൾ ശ്രദ്ധേയമാണ്. സൗമ്യമായ ഇടപെടൽകൊണ്ട് എതിർ രാഷ്ട്രീയ കക്ഷികളുടെപോലും ആദരവ് പിടിച്ചുപറ്റാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. ലളിതമായ ജീവിതശൈലിയും ജനങ്ങളോടുള്ള ഊഷ്മളമായ പെരുമാറ്റവും ബാബു എം. പാലിശ്ശേരിയെ വേറിട്ടുനിർത്തി. ബാബു എം. പാലിശ്ശേരിയുടെ വിയോഗം കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനത്തിനും തൃശ്ശൂർ ജില്ലയിലെ സാമൂഹിക-സാഹിത്യ മണ്ഡലത്തിനും നികത്താനാകാത്ത നഷ്ടമാണ്. അച്ചടക്കവും വിനയവും കൈമുതലാക്കിയ ആ ജീവിതം വരുംതലമുറയിലെ രാഷ്ട്രീയ പ്രവർത്തകർക്ക് എന്നും ഒരു പാഠപുസ്തകമായി നിലനിൽക്കും.

**എം. ആർ. രഘുചന്ദ്രബാൽ**

കേരളത്തിലെ മുൻ എക്സൈസ് വകുപ്പുമന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവുമായിരുന്ന എം. ആർ. രഘുചന്ദ്രബാൽ 2025 നവംബർ 08-ന് അന്തരിച്ചു. 1950 മാർച്ച് 12-ന് തിരുവനന്തപുരം ജില്ലയിലെ കാഞ്ഞിരംകുളത്ത് എം. രാഘവൻ നാടാർ-കമലാബായി ദമ്പതികളുടെ മകനായി ജനിച്ചു. കോവളം, പാറശ്ശാല നിയോജകമണ്ഡലങ്ങളെ പ്രതിനിധീകരിച്ച് നിയമസഭയിൽ അംഗമായിരുന്നു. വിദ്യാർഥി രാഷ്ട്രീയത്തിലൂടെയാണ്

രഘുചന്ദ്രബാൽ രാഷ്ട്രീയ രംഗത്തേക്ക് കടന്നുവന്നത്. നിയമപഠനത്തിനുശേഷം മുഴുവൻ സമയ രാഷ്ട്രീയ പ്രവർത്തകനായി. 1980-ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ കോവളം നിയോജകമണ്ഡലത്തിൽനിന്നും വിജയിച്ചാണ് അദ്ദേഹം പാർലമെന്ററി രംഗത്തേക്ക് പ്രവേശിച്ചത്. തുടർന്ന് 1991-ൽ പാറശ്ശാല നിയോജകമണ്ഡലത്തിൽനിന്നും നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. 1991-95 കാലഘട്ടത്തിൽ കെ. കരുണാകരൻ മന്ത്രിസഭയിൽ എക്സൈസ് വകുപ്പുമന്ത്രിയായി പ്രവർത്തിച്ചിരുന്നു. കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എന്ന നിലയിലും അദ്ദേഹം സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. മന്ത്രി പദവിയിലിരിക്കെ എക്സൈസ് വകുപ്പിൽ കാതലായ മാറ്റങ്ങൾ വരുത്താൻ അദ്ദേഹത്തിന് സാധിച്ചു. കോവളം, പാറശ്ശാല നിയോജകമണ്ഡലങ്ങളുടെ വികസനത്തിന് അദ്ദേഹം നൽകിയ സംഭാവനകൾ നിസ്തുലമാണ്. കല-സാംസ്കാരിക രംഗങ്ങളിലും സജീവമായിരുന്ന അദ്ദേഹം നാടകങ്ങൾ രചിക്കുകയും അഭിനയിക്കുകയും ഗാനങ്ങൾ എഴുതുകയും ചെയ്തിട്ടുണ്ട്. കെ.എൻ.എം. ആർട്സ് ആൻഡ് സയൻസ് കോളേജ് ചെയർമാൻ എന്ന നിലയിൽ വിദ്യാഭ്യാസ രംഗത്തും പ്രവർത്തിച്ചു. ജനകീയനായ നേതാവ്, മികച്ച സംഘാടകൻ, കലാകാരൻ എന്നീ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച രഘുചന്ദ്രബാൽ നിയമസഭാ നടപടികളിൽ സജീവമായി ഇടപെടുന്ന ഒരംഗം കൂടിയായിരുന്നു. അദ്ദേഹം ജനമനസ്സുകളിൽ എന്നും ഓർമ്മിക്കപ്പെടും.

**കെ. കെ. നാരായണൻ**

മുതിർന്ന സി.പി.ഐ.(എം) നേതാവും ധർമ്മടം എം.എൽ.എ.-യുമായിരുന്ന കെ. കെ. നാരായണൻ 2025 ഡിസംബർ 30-ന് അന്തരിച്ചു. 2011 മുതൽ 2016 വരെ ധർമ്മടം നിയോജകമണ്ഡലത്തെ നിയമസഭയിൽ പ്രതിനിധീകരിച്ച അദ്ദേഹം, കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് (2005-2010) എന്ന നിലയിലും ശ്രദ്ധേയമായ പ്രവർത്തനം കാഴ്ചവച്ചിട്ടുണ്ട്. 1948 ഫെബ്രുവരി 15-ന് കണ്ണൂരിലെ പെരളശ്ശേരിയിൽ കൈപ്പച്ചേരി കുന്നുമ്പ്രത്ത് കണ്ണൻ-വാഴവളപ്പിൽ മാതു ദമ്പതികളുടെ മകനായാണ് അദ്ദേഹം ജനിച്ചത്. ലളിതജീവിതംകൊണ്ടും ജനകീയ ഇടപെടലുകൾകൊണ്ടും കണ്ണൂരിലെ രാഷ്ട്രീയ ഭൂപടത്തിൽ തന്റേതായ ഇടം കണ്ടെത്തിയ നേതാവായിരുന്നു അദ്ദേഹം. ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളിലൂടെയാണ് അദ്ദേഹം രാഷ്ട്രീയത്തിൽ ഉയർന്നുവന്നത്. അടിയന്തരാവസ്ഥക്കാലത്ത് ഭരണകൂട ഭീകരതയ്ക്കെതിരെ പോരാടിയ അദ്ദേഹം പോലീസ് മർദനത്തിനിരയാവുകയും ജയിൽവാസം അനുഷ്ഠിക്കുകയും ചെയ്തിട്ടുണ്ട്. സി.പി.ഐ.(എം) കണ്ണൂർ ജില്ലാ സെക്രട്ടേറിയറ്റ് അംഗം, സി.ഐ.ടി.യു. ജില്ലാ സെക്രട്ടറി എന്നീ നിലകളിൽ തൊഴിലാളികളുടെ അവകാശങ്ങൾക്കായി അദ്ദേഹം എന്നും നിലകൊണ്ടു. കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ച ശക്തിപ്പെടുത്തുന്നതിൽ കെ. കെ. നാരായണൻ വഹിച്ച പങ്ക് സമാനതകളില്ലാത്തതാണ്. കണ്ണൂർ എ.കെ.ജി. സ്മാരക സഹകരണ ആശുപത്രി പ്രസിഡന്റ്, കണ്ണൂർ ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റ്, വിസ്മയ അമ്യൂസ്മെന്റ് പാർക്ക് ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിച്ച അദ്ദേഹം മികച്ച സഹകാരിയാണെന്ന്

തെളിയിച്ചു. കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരുന്ന കാലയളവിൽ ജില്ലയിലെ അടിസ്ഥാന സൗകര്യ വികസനത്തിലും വിദ്യാഭ്യാസ മേഖലയിലും വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവരാൻ അദ്ദേഹത്തിന് സാധിച്ചു. രാഷ്ട്രീയത്തിനതീതമായ സൗഹൃദങ്ങൾ കാത്തുസൂക്ഷിച്ചിരുന്ന അദ്ദേഹം പ്രാദേശിക ചരിത്രത്തിലും സാമൂഹിക വിഷയങ്ങളിലും ആഴത്തിൽ അറിവുള്ള വ്യക്തിയായിരുന്നു. സാധാരണക്കാരായ ജനങ്ങളുടെ ശബ്ദമായി നിലകൊണ്ട, ഉത്തരവാദപ്പെട്ട ജനപ്രതിനിധിയെന്ന നിലയിൽ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ എക്കാലവും സ്മരിക്കപ്പെടും. കെ. കെ. നാരായണന്റെ വിയോഗം കേരളത്തിന്റെ പൊതുജീവിതത്തിനും ജനാധിപത്യ-സഹകരണ പ്രസ്ഥാനങ്ങൾക്കും തീരാനഷ്ടമാണ്.

**പി. എം. മാത്യു**

കേരളാ കോൺഗ്രസിന്റെ മുതിർന്ന നേതാവും കടുത്തുരുത്തി മുൻ എം.എൽ.എ.-യുമായിരുന്ന പി. എം. മാത്യു 2025 ഡിസംബർ 30-ന് അന്തരിച്ചു. 1991 മുതൽ 1996 വരെ കടുത്തുരുത്തി നിയമസഭാമണ്ഡലത്തെ അദ്ദേഹം പ്രതിനിധീകരിച്ചിരുന്നു. കടുത്തുരുത്തി അരുണാശ്ശേരിയിൽ പി.ജെ. മാത്യു-ത്രേസ്യാമ്മ ദമ്പതികളുടെ മകനായി 1950 സെപ്റ്റംബർ 30-ന് ആയിരുന്നു ജനനം. കടുത്തുരുത്തിയുടെ സാമൂഹിക-രാഷ്ട്രീയ മണ്ഡലങ്ങളിൽ പതിറ്റാണ്ടുകളോളം സജീവ സാന്നിധ്യമായിരുന്നു അദ്ദേഹം. വിദ്യാർഥി പ്രസ്ഥാനത്തിലൂടെയാണ് പി. എം. മാത്യു തന്റെ പൊതുപ്രവർത്തനം ആരംഭിച്ചത്. കെ.എസ്.സി. (KSC) സംസ്ഥാന പ്രസിഡന്റായും യൂത്ത് ഫ്രണ്ട് സംസ്ഥാന പ്രസിഡന്റായും

പ്രവർത്തിച്ചിട്ടുണ്ട്. ബിരുദപഠനത്തിനുശേഷം നിയമപഠനവും പൂർത്തിയാക്കിയ അദ്ദേഹം, യുവജന പ്രസ്ഥാനങ്ങളിൽ പ്രവർത്തിക്കുമ്പോൾത്തന്നെ ജനകീയ പ്രശ്നങ്ങളിൽ സജീവമായി ഇടപെട്ടിരുന്നു. 1991-ൽ കേരള കോൺഗ്രസ്(എം) സ്ഥാനാർഥിയായി കടുത്തുരുത്തിയിൽനിന്ന് നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. 1993-ൽ പാർട്ടിയിലുണ്ടായ പിളർപ്പിനെത്തുടർന്ന് ടി. എം. ജേക്കബ് വിഭാഗത്തോടൊപ്പം ചേർന്ന അദ്ദേഹം കേരള കോൺഗ്രസ് (ജേക്കബ്) വിഭാഗത്തിന്റെ പ്രഥമ ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ടു. കർഷകരുടെ അവകാശങ്ങൾക്കായി അദ്ദേഹം നടത്തിയ നിരന്തരമായ പോരാട്ടങ്ങൾ ശ്രദ്ധേയമാണ്. കേരളത്തിലെ സഹകരണ-വികസന മേഖലകളിൽ പി.എം. മാത്യുവിന്റെ സംഭാവനകൾ നിസ്തുലമാണ്. ഒഡെപെക് (ODEPC) ചെയർമാനായും കെ.എസ്.എഫ്.ഇ. വൈസ് ചെയർമാനായും അദ്ദേഹം സ്തുത്യർഹമായ സേവനം കാഴ്ചവച്ചു. ട്രാവൻകൂർ ഷുഗേഴ്സ് ആൻഡ് കെമിക്കൽസ് ലിമിറ്റഡ് ചെയർമാൻ, റബ്ബർ മാർക്ക് വൈസ് പ്രസിഡന്റ് എന്നീ നിലകളിലും അദ്ദേഹം പ്രവർത്തിച്ചു. കൂടാതെ അദ്ദേഹം കേരള സർവകലാശാല സെനറ്റ് അംഗമായും സ്റ്റേറ്റ് എഡ്യൂക്കേഷൻ അഡ്വൈസറി ബോർഡ് അംഗമായും പ്രവർത്തിച്ചിട്ടുണ്ട്. 2025-ൽ രൂപീകരിച്ച നാഷണൽ ഫാർമേഴ്സ് പാർട്ടിയുടെ (NFP) ജനറൽ സെക്രട്ടറി സ്ഥാനവും അദ്ദേഹം വഹിച്ചിരുന്നു. സത്യസന്ധതയും ലളിത ജീവിതവും മുഖമുദ്രയാക്കിയിരുന്ന പി. എം. മാത്യു കക്ഷിരാഷ്ട്രീയത്തിനതീതമായി എല്ലാ രാഷ്ട്രീയ പാർട്ടി നേതാക്കളുമായും സൗഹൃദം പുലർത്തിയിരുന്നു. അദ്ദേഹത്തിന്റെ വിയോഗം കേരള രാഷ്ട്രീയത്തിന്, പ്രത്യേകിച്ച് മധ്യതിരുവിതാംകൂറിലെ രാഷ്ട്രീയ സാമൂഹിക മേഖലകൾക്ക് വലിയൊരു നഷ്ടമാണ്.

**വി. കെ. ഇബ്രാഹിം കുഞ്ഞ്**

മുസ്ലീംലീഗിന്റെ സമുന്നത നേതാവും മുൻ മന്ത്രിയുമായിരുന്ന വി. കെ. ഇബ്രാഹിം കുഞ്ഞ് 2026 ജനുവരി 6-ന് അന്തരിച്ചു. 1952 മേയ് 20-ന് എറണാകുളം ജില്ലയിലെ ആലുവ കൊങ്ങോർപ്പിള്ളിയിൽ വി. യു. ഖാദർ-ചിത്തുമ്മ ദമ്പതികളുടെ മകനായാണ് അദ്ദേഹം ജനിച്ചത്. മുസ്ലീം ലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ്, വിവിധ ട്രേഡ് യൂണിയനുകളുടെ അമരക്കാരൻ, മന്ത്രി, നിയമസഭാ സാമാജികൻ എന്നീ നിലകളിൽ അദ്ദേഹം കേരളത്തിന്റെ പൊതുമണ്ഡലത്തിൽ നിറഞ്ഞുനിന്നു. ഫാക്ടറി ജീവനക്കാരനിൽ തുടങ്ങി സംസ്ഥാന മന്ത്രിവരെയായ അതിശയിപ്പിക്കുന്ന രാഷ്ട്രീയ ജീവിതരേഖയാണ് ഇബ്രാഹിം കുഞ്ഞിന്റേത്. വിദ്യാർത്ഥി പ്രസ്ഥാനമായ എം.എസ്.എഫ്.-ലൂടെയാണ് ഇബ്രാഹിം കുഞ്ഞ് പൊതുരംഗത്തേക്ക് കടന്നുവന്നത്. പിന്നീട് മുസ്ലീം യൂത്ത് ലീഗിന്റെയും എറണാകുളം ജില്ലാ മുസ്ലീം ലീഗിന്റെയും നേതൃനിരയിലേക്ക് അദ്ദേഹം ഉയർന്നു. എറണാകുളം ജില്ലയിലെ വ്യവസായ മേഖലയായ ഏലൂർ കേന്ദ്രീകരിച്ച് ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളിൽ അദ്ദേഹം സജീവമായിരുന്നു. 2001-ൽ മട്ടാഞ്ചേരി നിയോജകമണ്ഡലത്തിൽ നിന്നാണ് അദ്ദേഹം ആദ്യമായി കേരള നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത്. തുടർന്ന് 2006-ൽ വീണ്ടും മട്ടാഞ്ചേരിയിൽനിന്നും, 2011, 2016 എന്നീ കാലഘട്ടങ്ങളിൽ കളമശ്ശേരി നിയോജകമണ്ഡലത്തിൽ നിന്നും വിജയിച്ചു. ഉമ്മൻ ചാണ്ടി മന്ത്രിസഭയിൽ 2005-2006 കാലഘട്ടത്തിൽ വ്യവസായ-സാമൂഹ്യക്ഷേമ വകുപ്പുമന്ത്രിയായും 2011-2016 കാലയളവിൽ പൊതുമരാമത്ത് വകുപ്പുമന്ത്രിയായും അദ്ദേഹം പ്രവർത്തിച്ചു. കേരളത്തിന്റെ വികസന

ഭൂപടത്തിൽ, പ്രത്യേകിച്ച് മധ്യകേരളത്തിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ അദ്ദേഹത്തിന് സാധിച്ചു. കൊച്ചി ശാസ്ത്ര-സാങ്കേതിക സർവകലാശാല സിൻഡിക്കേറ്റ് അംഗം, സിയാൽ ഡയറക്ടർ, ഗോശ്രീ ഐലൻഡ് ഡെവലപ്മെന്റ് അതോറിറ്റി അംഗം, തിരുവല്ല ട്രാക്കോ എംപ്ലോയീസ് ഓർഗനൈസേഷന്റെ പ്രസിഡന്റ്, ബിനാനിപുരം ബിനാനി സിങ്ക് വർക്കേഴ്സ് ഫെഡറേഷന്റെയും ആലുവ ജി.ടി.എൻ. വർക്കേഴ്സ് അസോസിയേഷന്റെയും ജനറൽ സെക്രട്ടറി, ഗ്രന്ഥശാലാ സംഘം ജില്ലാ ബോർഡ് അംഗം, എറണാകുളം ജില്ലാ വികസന സമിതി അംഗം എന്നീ നിലകളിലും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. ചന്ദ്രിക പത്രത്തിന്റെ ഡയറക്ടർ ബോർഡ് അംഗമായും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. വ്യവസായ മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി സ്വതന്ത്ര തൊഴിലാളി യൂണിയൻ സംസ്ഥാന ഭാരവാഹിയെന്ന നിലയിൽ നടത്തിയ ഇടപെടലുകൾ ശ്രദ്ധേയമാണ്. ഭരണ രംഗത്തെ മികവ് പരിഗണിച്ച് ഒട്ടേറെ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. ജനങ്ങളോടുള്ള അടുപ്പവും ഭരണകാര്യങ്ങളിൽ കാണിച്ച ദൃഢനിശ്ചയവും അദ്ദേഹത്തെ വേറിട്ട വ്യക്തിത്വമാക്കി മാറ്റി. വിവിധ മേഖലകളിലെ വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയതിലൂടെ വി. കെ. ഇബ്രാഹിം കുഞ്ഞ് സംസ്ഥാനത്തിന്റെ വളർച്ചയിൽ തന്റേതായ പങ്കുവഹിച്ചു. വികസന പ്രവർത്തനങ്ങളിൽ അദ്ദേഹം കാണിച്ച ജാഗ്രതയും സംഘാടകനെന്ന നിലയിലുള്ള മികവും എന്നെന്നും സ്മരിക്കപ്പെടും.

## തോമസ് കുതിരവട്ടം

മുതിർന്ന നേതാവും മുൻ രാജ്യസഭാംഗവുമായ തോമസ് കുതിരവട്ടം 2026 ജനവരി 12-ന് അന്തരിച്ചു. ചെങ്ങന്നൂരിലെ കല്ലിശ്ശേരിയിലെ കുതിരവട്ടത്ത് തോമസ് വർഗീസ്-അന്നമ്മ വർഗീസ് ദമ്പതികളുടെ മകനായി 1945 ജൂൺ 1-നായിരുന്നു ജനനം. ദീർഘകാലം കേരള കോൺഗ്രസ് (എം) പാർട്ടിയുടെ നേതൃനിരയിൽ പ്രവർത്തിച്ചു. 1985 മുതൽ 1991 വരെ രാജ്യസഭാംഗമായിരുന്ന അദ്ദേഹം ഇന്ത്യൻ പാർലമെന്റിൽ നടത്തിയ ഇടപെടലുകൾ ശ്രദ്ധേയമായിരുന്നു. വിദ്യാർഥി പ്രസ്ഥാനത്തിലൂടെയാണ് തോമസ് കുതിരവട്ടം പൊതുപ്രവർത്തന രംഗത്തേക്ക് കടന്നുവന്നത്. 1960-കളിൽ കെ.എസ്.യു.-വിലൂടെ രാഷ്ട്രീയ പ്രവർത്തനം ആരംഭിച്ച അദ്ദേഹം, 1964-ൽ കേരള കോൺഗ്രസ് രൂപീകരിക്കപ്പെട്ടപ്പോൾ പാർട്ടിയുടെ വിദ്യാർഥി വിഭാഗമായ കേരള സ്റ്റുഡന്റ്സ് കോൺഗ്രസ് (KSC) കെട്ടിപ്പടുക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ച നേതാക്കളിൽ ഒരാളാണ്. കേരള കോൺഗ്രസ് (മാണി) പാർട്ടിയുടെ ജനറൽ സെക്രട്ടറി, വൈസ് ചെയർമാൻ സ്ഥാനങ്ങൾ വഹിച്ചിട്ടുള്ള അദ്ദേഹം അവിഭക്ത കേരള കോൺഗ്രസ് പാർട്ടിയുടെ വർക്കിങ് ചെയർമാനും ജനറൽ സെക്രട്ടറിയും കൂടിയായിരുന്നു. 1980-ൽ ചെങ്ങന്നൂരിൽ നിന്നും 1996-ൽ പത്തനാപുരത്തുനിന്നും നിയമസഭയിലേക്ക് അദ്ദേഹം മത്സരിച്ചിരുന്നു. കൂടാതെ മലങ്കര ഓർത്തഡോക്സ് സഭയുടെ മാനേജിങ് കമ്മിറ്റി അംഗമായും അദ്ദേഹം ദീർഘകാലം സേവനമനുഷ്ഠിച്ചിട്ടുണ്ട്. പാർലമെന്റേറിയൻ, സാമൂഹ്യ പ്രവർത്തകൻ എന്നീ നിലകളിലും അദ്ദേഹം നൽകിയ സംഭാവനകൾ വലുതാണ്. രാജ്യസഭാംഗമായിരിക്കെ, ബൊഫോഴ്സ്

ഇടപാടിനെക്കുറിച്ച് അന്വേഷിച്ച സംയുക്ത പാർലമെന്ററി കമ്മിറ്റിയിൽ (JPC) അംഗമായി പ്രവർത്തിക്കാൻ അദ്ദേഹത്തിന് അവസരം ലഭിച്ചുവെന്നത് അദ്ദേഹത്തിന്റെ രാഷ്ട്രീയ ജീവിതത്തിലെ ഒരു വലിയ അംഗീകാരമായിരുന്നു. പാർലമെന്റിന്റെ വിവിധ സമിതികളിൽ അംഗമായിരുന്ന അദ്ദേഹം കേരളത്തിന്റെ റെയിൽവെ, കാർഷിക വികസനം എന്നീ വിഷയങ്ങളിൽ ശക്തമായ ഇടപെടലുകൾ നടത്തി. 2010 മുതൽ സജീവ രാഷ്ട്രീയത്തിൽനിന്നും ജീവകാരുണ്യ പ്രവർത്തനങ്ങളിലേക്ക് ശ്രദ്ധ കേന്ദ്രീകരിച്ച തോമസ് കുതിരവട്ടം അധികാരത്തിന്റെ പകിട്ടുകളേക്കാൾ സാധാരണക്കാരുടെ സ്നേഹത്തിന് വില കല്പിച്ച നേതാവായിരുന്നു. എതിർപ്പുകളെ പുഞ്ചിരിയോടെ നേരിട്ടിരുന്ന അദ്ദേഹം, കേരള കോൺഗ്രസ് പ്രസ്ഥാനത്തിന്റെ കരുത്തുറ്റ ശബ്ദമായിരുന്നു. വിയോഗവേളയിലും അദ്ദേഹം അവശേഷിപ്പിച്ചു പോകുന്നത് ആദർശശുദ്ധിയുള്ള ഒരു രാഷ്ട്രീയ പാരമ്പര്യമാണ്.

അന്തരിച്ച മഹത് വ്യക്തികളോടുള്ള ആദരസൂചകമായി നമുക്ക് അൽപസമയം എഴുന്നേറ്റ് നിൽക്കാം.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)

**[9.10am]**

**II ചെയർപേഴ്സൺമാരുടെ പാനൽ**

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട അംഗങ്ങളായ ശ്രീമതി ശാന്തകുമാരി കെ., ശ്രീമതി ഒ. എസ്. അംബിക, ശ്രീമതി ഉമ തോമസ് എന്നിവരെ പതിനഞ്ചാം കേരള

നിയമസഭയുടെ പതിനാറാം സമ്മേളനത്തിലേയ്ക്കുള്ള ചെയർപേഴ്സൺമാരുടെ പാനലിലേക്ക് നാമനിർദേശം ചെയ്യുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കഴിഞ്ഞ നിയമസഭാ സമ്മേളനത്തിലെ അവസാന ദിവസങ്ങളിലെ സഭാനടപടികൾ ഞങ്ങൾ സ്തംഭിപ്പിക്കുകയുണ്ടായി. ശബരിമല സ്വർണ്ണക്കൊള്ളയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവൻ രാജിവയ്ക്കണമെന്നും ദേവസ്വം ബോർഡ് പ്രസിഡന്റിനെ പുറത്താക്കണമെന്നുമാണ് ഞങ്ങൾ ആവശ്യപ്പെട്ടത്. ഇന്നും ഞങ്ങൾ അതേ ആവശ്യത്തിൽ ഉറച്ചുനിൽക്കുകയാണ്. 2024-25 കാലഘട്ടത്തിലെ ഗുരുതരമായ ക്രമക്കേടുകൾ ഹൈക്കോടതി കണ്ടെത്തിയ സാഹചര്യത്തിൽ അതിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് ബഹുമാനപ്പെട്ട തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി രാജിവയ്ക്കണമെന്നും എസ്.ഐ.ടി-യുടെമേൽ മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്നുള്ള സമ്മർദം അവസാനിപ്പിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഞങ്ങൾ സമരത്തിലാണെന്ന വിവരം അങ്ങയെ അറിയിക്കുന്നു. സഭാനടപടികളുമായി സഹകരിക്കാൻ ഞങ്ങൾക്ക് ബുദ്ധിമുട്ടുണ്ട്.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് ബാനറും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, റൂൾ 50 പ്രകാരം നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം അവതരിപ്പിക്കുകയെന്നത് പ്രതിപക്ഷത്തിന്റെ അവകാശമാണ്. ആ അവകാശം വിനിയോഗിക്കാൻ ഭയപ്പെട്ട് പ്രതിപക്ഷം പാർലമെന്ററി ജനാധിപത്യത്തിന് വിരുദ്ധമായ നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ചരിത്രത്തിൽ അത്യപൂർവമായി മാത്രമേ ഒരു പ്രതിപക്ഷം നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം അവതരിപ്പിക്കാനുള്ള അവകാശം വിനിയോഗിക്കാതിരുന്നിട്ടുള്ളൂ. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസ് കൊണ്ടുവരാനുള്ള ധൈര്യംപോലും ഈ പ്രതിപക്ഷത്തിനില്ല. അങ്ങനെ കൊണ്ടുവന്നാൽ ചർച്ച ചെയ്യുമെന്ന ഭയമാണിവർക്ക്. ആ ചർച്ച ഒഴിവാക്കാൻ വേണ്ടിയാണ് പ്ലക്കാർഡുകളുമായി വെല്ലിലേയ്ക്ക് ഇറങ്ങിയിരിക്കുന്നത്. (....ബഹളം.....) പ്ലക്കാർഡുകളുമായി ഈ നാടകത്തിനിറങ്ങിയിരിക്കുന്നത്. ഇത് ഈ നാട് മുഴുവൻ കാണും. ആത്മവിശ്വാസവും ധൈര്യവുമുണ്ടെങ്കിൽ റൂൾ 50 പ്രകാരമുള്ള ചർച്ചയ്ക്ക് തയ്യാറാകുകയല്ലേ ചെയ്യേണ്ടത്? ചർച്ച നടത്തിയപ്പോഴെല്ലാം പ്രതിപക്ഷത്തിന് ഒളിച്ചോടേണ്ടി വന്നിട്ടുണ്ട്, ഈ സഭയിൽനിന്ന് ഇറങ്ങി ഓടേണ്ടി വന്നിട്ടുണ്ടെന്നതാണ് അനുഭവം. (.....ബഹളം....)

മി. സ്പീക്കർ: യെസ്.. പ്ലീസ്.. പ്ലീസ്.. ഓർഡർ ... ഓർഡർ...

ശ്രീ. എം. ബി. രാജേഷ്: സർ, ഭീരുത്വത്തിന്റെ ലജ്ജയില്ലാത്ത പ്രദർശനമാണ് ഇവിടെ കണ്ടുകൊണ്ടിരിക്കുന്നത്. (....ബഹളം....) തിണ്ണമിടുക്കാണ് പ്രതിപക്ഷം സഭയിൽ കാണിച്ചുകൊണ്ടിരിക്കുന്നത്. (....ബഹളം.....) സഭ നൽകുന്ന അവകാശത്തെ

വിനിയോഗിക്കാൻ ധൈര്യമില്ലാത്ത ഈ പ്രതിപക്ഷത്തെ ജനങ്ങൾ വിലയിരുത്തും. (....ബഹളം.....)

മി. സ്പീക്കർ: പ്ലീസ്.. പ്ലീസ്... ഇത് ശരിയല്ല, പ്രതിഷേധിച്ചോളൂ, ബാനർ താഴ്ത്തൂ...പ്ലീസ്.. പ്ലീസ്...(ബഹളം....)

(പ്രതിപക്ഷ ബഹളത്തിനെതിരെ ഭരണപക്ഷ എം.എൽ.എ.-മാർ ബഹുമാനപ്പെട്ട ചീഫ് വിപ്പിന്റെ സീറ്റിനരികിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

[9.14 am]

**III ശ്രദ്ധക്ഷണിക്കൽ**

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പരിഷ്കരണത്തിലെ അപാകതകൾ

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, കേരളത്തിലെ 22 ലക്ഷം വരുന്ന കുടുംബങ്ങളെ ബാധിക്കുന്ന ഒരു വിഷയമാണ് ശ്രദ്ധക്ഷണിക്കലിലൂടെ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ശ്രമിക്കുന്നത്. (...ബഹളം....) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അട്ടിമറിച്ച് തൊഴിൽ ഉറപ്പില്ലാതെയും തൊഴിലാളികളുടെ അവകാശങ്ങളാകെ കവർന്നെടുത്തും രാജ്യത്തെ ഗ്രാമീണ മേഖലയിൽ ജീവിക്കുന്ന കോടിക്കണക്കിന് ദരിദ്രരുടെ ജീവിതമാണ് ഇപ്പോൾ കേന്ദ്രസർക്കാർ തകർത്തെറിഞ്ഞിരിക്കുന്നത്. ഒന്നാം യു.പി.എ. സർക്കാരിന്റെ ഭരണകാലത്ത്, ഇന്ത്യൻ പാർലമെന്റിൽ ഇടതുപക്ഷ പാർട്ടികൾക്ക് ഗണ്യമായ സ്വാധീനമുണ്ടായിരുന്ന 2005-ൽ, ഇടതുപക്ഷത്തിന്റെ ശക്തമായ ഇടപെടലിലൂടെയാണ് ഗ്രാമീണ ജനങ്ങൾക്ക് തൊഴിലും വരുമാനവും ഉറപ്പുവരുത്തി അവരുടെ ജീവിതം മെച്ചപ്പെടുത്താൻ ഇത്തരമൊരു നിയമം പാർലമെന്റിൽ അവതരിപ്പിച്ച് പാസാക്കിയത്.

(.....ബഹളം.....) പാർലമെന്റിൽ ഇടതുപക്ഷത്തിന്റെ അംഗബലം കുറഞ്ഞതോടെ തൊഴിലുറപ്പ് പദ്ധതി ദുർബലപ്പെടുത്താനുള്ള നീക്കങ്ങളും ശക്തമായി. കാർഷിക മേഖലയിലെ ആവർത്തന സ്വഭാവമുള്ള കൃഷിപ്പണികൾ പദ്ധതിയിൽ ഏറ്റെടുക്കാൻ പാടില്ലെന്ന വ്യവസ്ഥ രണ്ടാം യു.പി.എ. ഭരണകാലത്ത് നിയമത്തിൽ ഉൾപ്പെടുത്തി. നരേന്ദ്ര മോദി ഭരണത്തിന്റെ തുടക്കം മുതൽ പദ്ധതി ദുർബലപ്പെടുത്താനും കോടിക്കണക്കിന് തൊഴിലാളികളെ പദ്ധതിയിൽനിന്നും ഒഴിവാക്കാനുമുള്ള നടപടികൾ ആരംഭിച്ചിരുന്നു. ആധാർ അധിഷ്ഠിത ബാങ്ക് അക്കൗണ്ട് ഇല്ലാത്തതിനാൽ കഴിഞ്ഞ വർഷങ്ങളിൽ 5.5 കോടിയോളം കുടുംബങ്ങളെ പദ്ധതിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. കേരളത്തിലെ മുഴുവൻ ആക്റ്റീവ് തൊഴിലാളി കുടുംബങ്ങൾക്കും ആധാർ അധിഷ്ഠിത അക്കൗണ്ടുള്ളതിനാൽ പദ്ധതിയിൽനിന്ന് ഒരു കുടുംബംപോലും ഒഴിവാക്കപ്പെട്ടിട്ടില്ല. (....ബഹളം....) പദ്ധതിയിൽനിന്നും മഹാത്മാഗാന്ധിയുടെ പേര് ഒഴിവാക്കി പകരം വികസിത് ഭാരത്- ഗ്യാരന്റി ഫോർ റോസ്ഗാർ ആൻഡ് അജീവിക മിഷൻ ഗ്രാമീൺ (വി.ബി.- ജി റാം ജി) എന്നാക്കുകയും പദ്ധതിയെ സംഘ്പരിവാർ വർഗീയ പ്രചാരണ ആയുധമാക്കി മാറ്റുകയും ചെയ്തു. ആവശ്യപ്പെടുന്ന മുറയ്ക്ക് തൊഴിൽ ലഭ്യമാക്കുന്ന അവകാശാധിഷ്ഠിത പദ്ധതിയായിരുന്ന ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ കേന്ദ്രസർക്കാർ ഉറപ്പില്ലാത്ത പദ്ധതിയാക്കി പരിമിതപ്പെടുത്തിയിരിക്കുന്നു. (......ബഹളം......) എന്നിട്ടും കള്ളപ്രചാരണങ്ങളിലൂടെ സംഘ്പരിവാർ തൊഴിലാളികളെയും ജനങ്ങളെയും തെറ്റിദ്ധരിപ്പിക്കുകയാണ്. രാജ്യത്താകെ പതിനഞ്ചരക്കോടി കുടുംബങ്ങളിലായി ഇരുപത്തിയാറ് കോടി തൊഴിലാളി കുടുംബങ്ങളാണ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഈ കുടുംബങ്ങളിൽ പന്ത്രണ്ടരക്കോടി തൊഴിലാളികൾ

മാത്രമാണ് ആക്ടീവ് തൊഴിലാളികളായുള്ളത്; കേന്ദ്രസർക്കാർ ആകെ അനുവദിച്ച ലേബർ ബജറ്റും തുടർച്ചയായി കുറയ്ക്കുകയാണ്. 2023-24-ൽ 307 കോടി രൂപ, 2024-25-ൽ 243 കോടി രൂപ, 2025-26-ൽ 210 കോടി രൂപ അപ്രകാരം ബജറ്റിലെ തൊഴിലുറപ്പ് വിഹിതം കുറച്ച് തൊഴിൽദിനങ്ങൾ കുറയ്ക്കുകയാണ്. ആദ്യം നൽകിയ തൊഴിലുറപ്പ് വിഹിതമായ 1,18,887 കോടി രൂപ വെട്ടിക്കുറച്ച് ഇപ്പോൾ 86,000 കോടി രൂപയാക്കിയിരിക്കുകയാണ്. രാജ്യത്ത് തൊഴിലുറപ്പ് പദ്ധതി മാതൃകാപരമായി നടപ്പാക്കുന്ന സംസ്ഥാനമാണ് കേരളം. കേരളത്തിൽ ശരാശരി 67 തൊഴിൽ ദിനങ്ങൾ (...ബഹളം....) നൽകുന്നു. കൂടാതെ നാൽപത് ശതമാനത്തോളം കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ നൽകുകയും അവർക്ക് 1200 രൂപ ഫെസ്റ്റിവൽ അലവൻസ് നൽകുകയും ചെയ്യുന്നു. ആദിവാസി കുടുംബങ്ങൾക്ക് 200 തൊഴിൽ ദിനങ്ങളും സംസ്ഥാനത്ത് ട്രൈബൽ പ്ലസ് പദ്ധതിയും നഗരപ്രദേശങ്ങളിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയും നടപ്പാക്കുന്നു. തൊഴിലാളികൾക്കുള്ള ക്ഷേമനിധി പദ്ധതി രാജ്യത്തിന് മാതൃകയാണ്. സംസ്ഥാനത്തെ പത്തൊൻപത് ലക്ഷം കുടുംബങ്ങളിൽപ്പെട്ട ഇരുപത്തിരണ്ട് ലക്ഷം തൊഴിലാളികളാണ് ആക്ടീവ് കുടുംബങ്ങളായുള്ളത്. അവർക്ക് തൊഴിൽ നൽകിവരികയാണ്. പുതിയ നിയമംവഴി പദ്ധതിയുടെ ബാധ്യതയാകെ സംസ്ഥാനങ്ങളുടെ തലയിൽ കെട്ടിവയ്ക്കാനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. പദ്ധതി തുകയുടെ അറുപത് ശതമാനം കേന്ദ്രവും നാൽപത് ശതമാനം സംസ്ഥാനവും എന്ന രീതിയിലാക്കി മാറ്റി. കേന്ദ്രാവിഷ്കൃത പദ്ധതിയായി എല്ലാ മാനദണ്ഡങ്ങളും കേന്ദ്രം നിശ്ചയിച്ച് നടപ്പാക്കുമ്പോഴാണ് ഇത്തരമൊരു കൊള്ളക്കൂടി നടത്താൻ തീരുമാനിച്ചിരിക്കുന്നത്. (....ബഹളം...) പുതിയ നിയമപ്രകാരം അവിദഗ്ധ തൊഴിൽ,

വിദഗ്ധ തൊഴിൽ, മെറ്റീരിയൽ കോസ്റ്റ്, ഭരണച്ചെലവ് തുടങ്ങിയ എല്ലാ ഇനത്തിലും അറുപത് ശതമാനം മാത്രമേ കേന്ദ്രം നൽകൂ. കേന്ദ്രം അനുവദിക്കുന്ന ലേബർ ബജറ്റിന് ആനുപാതികമായ അറുപത് ശതമാനം അനുവദിക്കണമെങ്കിൽ നാല്പത് ശതമാനം സംസ്ഥാനം മുൻകൂർ നൽകണമെന്നും തീരുമാനിച്ചിരിക്കുന്നു. കേന്ദ്രം അനുവദിക്കുന്നത് കൂടാതെ നൽകുന്ന തൊഴിലിന്റെ മുഴുവൻ തുകയും സംസ്ഥാനംതന്നെ വഹിക്കണമെന്നും പ്രത്യേകം നിഷ്കർഷിച്ചിരിക്കുകയാണ്. കേന്ദ്രം സംസ്ഥാനങ്ങളെയാകെ വരിഞ്ഞുമുറുക്കി പ്രതിസന്ധിയിലാക്കുകയാണ്. മറ്റെല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികളിലുമെന്നപോലെ വൻ വെട്ടിക്കുറവ് വരുത്തി പദ്ധതിവിഹിതംപോലും നിഷേധിക്കുന്ന നടപടികളിലൂടെ തൊഴിലുറപ്പ് പദ്ധതി തകർത്ത് ഗ്രാമീണ ജനങ്ങളെ പട്ടിണിയിലേയ്ക്ക് തള്ളിവിടാനാണ് കേന്ദ്രം ശ്രമിക്കുന്നത്. (....ബഹളം..) തൊഴിലുറപ്പ് നിയമത്തിൽ മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങളടക്കം 266 ഇനങ്ങൾ ഏറ്റെടുക്കാൻ കഴിയുമായിരുന്നു. ....(ബഹളം)....... (മൈക്ക് ഓഫ്).........

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, പ്രതിപക്ഷാംഗങ്ങളുടെ 'കട്ടത് ആരാണപ്പാ' എന്ന ചോദ്യം യു.ഡി.എഫ്. കൺവീനർ ശ്രീ. അടൂർ പ്രകാശിനോടാണ് ചോദിക്കേണ്ടത്. ...(ബഹളം).... അവിടെനിന്നും ലഭിക്കുന്ന ഉത്തരം മതിയാകാതെ വന്നാൽ ഡൽഹിയിൽ ശ്രീമതി സോണിയ ഗാന്ധിയുടെ വീട്ടിൽ പോയി ചോദിക്കണം. യു.ഡി.എഫ്.-ന്റെ ഭരണകാലം മുതലുള്ള സ്വർണ്ണക്കൊള്ളയെക്കുറിച്ച് അന്വേഷണം നടത്താൻ ഹൈക്കോടതി നിർദേശിച്ചതുകൊണ്ടല്ലേ ഇപ്പോൾ ഈ നാടകം കളിക്കുന്നത്? (.....ബഹളം....) കട്ടവരെ

രക്ഷിക്കാൻവേണ്ടി പ്രതിപക്ഷനേതാവ് ഇവരെയെല്ലാം ഇളക്കിവിട്ടിരിക്കുകയാണ്. കട്ടവനും കട്ട മുതൽ വാങ്ങിയവനും ഒറ്റ ഫ്രെയിമിൽ വന്നത് ഒരേയൊരു ചിത്രത്തിലാണ്. അത് ശ്രീമതി സോണിയ ഗാന്ധിയോടൊപ്പമുള്ള (.....ബഹളം.....) ചിത്രത്തിലാണ്. കട്ടവനെയും കട്ട മുതൽ വാങ്ങിയവനെയും നിങ്ങൾക്ക് ഒരിടത്ത് മാത്രമേ കാണാൻ സാധിക്കുകയുള്ളൂ. അത് ശ്രീമതി സോണിയ ഗാന്ധിയുടെ കൂടെയാണെന്ന വസ്തുത നിങ്ങൾക്ക് നിഷേധിക്കാൻ സാധിക്കുമോ? ബാനറും ചിത്രവും നിങ്ങൾക്ക് മാത്രമല്ല കിട്ടുന്നത്. ഏതെല്ലാം ചിത്രം വരുമെന്നുള്ളത് നാളെ ഞങ്ങളും കാണിച്ചുതരാം. ഹൈക്കോടതിയുടെ മേൽനോട്ടത്തിലാണ് അന്വേഷണം നടക്കുന്നത്. ആ അന്വേഷണത്തെ കുറ്റപ്പെടുത്താൻ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രമിച്ചപ്പോൾ ഹൈക്കോടതിയിൽനിന്നും കനത്ത തിരിച്ചടി കിട്ടിയില്ലേ; എസ്.ഐ.ടി.-യെ അധിക്ഷേപിക്കാൻ ശ്രമിച്ചപ്പോൾ അതിനുള്ള മറുപടിയും കിട്ടിയില്ലേ? ഹൈക്കോടതിയിൽ തോറ്റാൽ നിയമസഭയിൽ എന്നതാണ് ഇപ്പോൾ കാണുന്നത്. ഇതിനെ ഹൈക്കോടതിക്കെതിരായ നീക്കമായിട്ടുവേണം കാണേണ്ടത്. കോൺക്രീറ്റുകൊണ്ടുള്ള കൊടിമരം ചിതലരിച്ചുവെന്ന് കഥയുണ്ടാക്കി സ്വർണ്ണം പൂശിയ കൊടിമരം കട്ടതിന് നേതൃത്വം നൽകിയ മഹാന്മാരെ സംരക്ഷിക്കാനാണ് ഇപ്പോൾ ഇറങ്ങിയിരിക്കുന്നത്. ഇതെല്ലാം ആളുകൾ അറിയട്ടെ. നിങ്ങളിപ്പോൾ ഒരു പാരഡി പാട്ട് പാടി നടക്കുന്നുണ്ടല്ലോ; അവസാനം നിങ്ങളെല്ലാം സംരക്ഷിക്കാൻ ശ്രമിക്കുന്ന യഥാർഥ പ്രതികൾ അകപ്പെടുന്ന ഒരു ദിവസം വരും. അന്നേയ്ക്ക് പാടാൻ ഞങ്ങളൊരു പാട്ട് ബാക്കി വച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മനസ്സിലാക്കണം. (.....ബഹളം.....) ഇടതുപക്ഷത്തിന്റെ പിന്തുണയോടെ ഒന്നാം യു.പി.എ. സർക്കാർ അധികാരത്തിൽ വന്നപ്പോൾ ഇടതുപക്ഷത്തിന്റെ

സമ്മർദത്തെതുടർന്ന് നടപ്പാക്കാൻ നിർബന്ധിതമായ പദ്ധതിയാണ് തൊഴിലുറപ്പ്. അന്ന് മുതൽ ഇന്നുവരെ കോൺഗ്രസിന് തൊഴിലുറപ്പിനോട് ഒരു ആത്മാർഥതയുമുണ്ടായിരുന്നില്ല. അതുകൊണ്ടാണ് കേരളത്തിലെ ലക്ഷക്കണക്കിന് കുടുംബങ്ങളുടെ അന്നം മുട്ടിക്കുന്ന ഒരു പ്രശ്നം സഭയിൽ ചർച്ച ചെയ്യുന്ന സമയത്തുതന്നെ ഈ അസംബന്ധ നാടകം പ്രതിപക്ഷം ഇവിടെ നടത്തുന്നത്. തൊഴിലുറപ്പിനെ അട്ടിമറിക്കാൻ ബി.ജെ.പി.-യെപ്പോലെതന്നെ ശ്രമിച്ചിട്ടുള്ളവരാണ് കോൺഗ്രസ്സുമെന്ന് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ഇടതുപക്ഷത്തിന്റെ പിന്തുണയില്ലാത്ത രണ്ടാം യു.പി.എ. സർക്കാരിന്റെ കാലത്ത് ശ്രീ. പി. ചിദംബരം ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോഴാണ് തൊഴിലുറപ്പ് പദ്ധതി വിഹിതം ആദ്യമായി വെട്ടിക്കുറച്ചത്. മഹാത്മാഗാന്ധിയുടെ പേരിലുള്ള തൊഴിലുറപ്പ് പദ്ധതി അട്ടിമറിച്ചതിനെതിരായി ശ്രദ്ധക്ഷണിക്കൽ വരുമ്പോൾ മറ്റൊരു ഗാന്ധിയെ രക്ഷിക്കാൻവേണ്ടി ഇവിടെ സഭയുടെ നടുത്തളത്തിൽ ഇറങ്ങിയിരിക്കുകയാണ്. ഇവർക്ക് മഹാത്മാഗാന്ധിയെക്കാൾ വലുത് മറ്റൊരു ഗാന്ധിയാണ്. ആ ഗാന്ധിയെ രക്ഷിക്കാൻവേണ്ടിയാണ് ഇറങ്ങിയിരിക്കുന്നത്. വിശദമായ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.+

<u>മി. സ്പീക്കർ</u>: പ്ലീസ് .... പ്ലീസ്..... അദ്ദേഹം ഉപചോദ്യം ചോദിക്കട്ടെ, അംഗങ്ങൾ ക്രോസ് ചെയ്തുനിൽക്കാതെ മാറിനിൽക്കണം. ......... (ബഹളം) ........

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, 125 തൊഴിൽ ദിവസമെന്ന കാപട്യ പ്രഖ്യാപനംവഴി സംസ്ഥാന സർക്കാരിന് എത്ര കോടി രൂപയാണ് മാറ്റിവയ്ക്കേണ്ടി വരുന്നതെന്ന് വ്യക്തമാക്കാമോ? ........ (ബഹളം) .........

ശ്രീ. എം. ബി. രാജേഷ്: സർ, ഇന്നത്തെ നിലയിൽ സംസ്ഥാന സർക്കാരിന് ഇപ്പോഴുള്ളതിനെക്കാൾ 3,544 കോടി രൂപയുടെ (.....ബഹളം.....) അധിക ബാധ്യതയുണ്ടാകുമെന്നാണ് കണക്കാക്കപ്പെടുന്നത്.

(നോട്ടീസ് നൽകിയ അംഗം ശ്രീ. ടി. ജെ. വിനോദ് സീറ്റിൽ ഇല്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

[9.24am]

**IV. സബ്മിഷൻ**

(1) എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ സ്കൂൾ ബസ്സുകൾ വാങ്ങുന്നതിന് ഫണ്ട്

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, സ്കൂൾ ബസുകൾക്ക് അനുവദിച്ചിട്ടുള്ള എം.എൽ.എ. ആസ്തി വികസന ഫണ്ട് യഥാസമയം ലഭിക്കാത്തത് സംബന്ധിച്ചാണ് ഞാനിവിടെ സബ്മിഷൻ ഉന്നയിക്കുന്നത്. മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് ഒന്നോ രണ്ടോ വർഷങ്ങൾ കഴിഞ്ഞ് നൽകിയാലും മതിയാകും. എന്നാൽ അലോട്ട്മെന്റ് നേരത്തെ ലഭിച്ചാൽ മാത്രമെ സർക്കാർ വിദ്യാലയങ്ങൾക്ക് അനുവദിച്ചിട്ടുള്ള ബസ്സുകൾ വാങ്ങാൻ സാധിക്കുകയുള്ളൂ. 2023-24, 2024-25, 2025-26 എന്നീ സാമ്പത്തിക വർഷങ്ങളിൽ എന്റെ നിയോജകമണ്ഡലത്തിൽ 20 ബസുകൾക്ക് ഫണ്ട് അനുവദിച്ചതിൽ നാലെണ്ണത്തിനുള്ള ഫണ്ട്

മാത്രമെ ലഭിച്ചിട്ടുള്ളൂ. ബാക്കിയുള്ള ബസുകളുടെ ഫണ്ടുകൂടി അടുത്ത അധ്യയന വർഷത്തിനുമുമ്പായി ലഭ്യമാക്കാനാവശ്യമായ നടപടിയുണ്ടാകണമെന്ന് അഭ്യർഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഇക്കാര്യം പരിശോധിക്കുകയും (....ബഹളം....) അഡ്വാൻസായി പണം നൽകാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ ആശങ്ക ഗൗരവമായി കണ്ട് ഇക്കാര്യത്തിൽ ഒന്നുകൂടി ഇടപെടാം. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.+

(2) ചാലക്കുടി റിവർ ഡൈവേർഷൻ പദ്ധതിയിലെ പ്രതിസന്ധി

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, തൃശ്ശൂർ, എറണാകുളം ജില്ലകളിലെ ആറ് നിയോജകമണ്ഡലങ്ങളിൽപ്പെട്ടതും എന്റെ നിയോജകമണ്ഡലവുമായ പുതുക്കാട് ഉൾപ്പെടെയുള്ള 22 ഗ്രാമപഞ്ചായത്തുകളിൽ, (........ബഹളം........) എന്റെ നിയോജകമണ്ഡലത്തിലെ വറ്റത്തൂർ, പറപ്പൂക്കര ഉൾപ്പെടെയുള്ള ഗ്രാമപഞ്ചായത്തുകളിലെ ജലസേചനത്തിനും കുടിവെള്ളത്തിനുംവേണ്ടി ജനങ്ങൾ ആശ്രയിക്കുന്ന ഏക പദ്ധതിയായ, ചാലക്കുടി പുഴയിലെ റിവർ ഡൈവേർഷൻ പദ്ധതി പുഴയിലെ നീരൊഴുക്ക് നിയന്ത്രിക്കുന്നതാണ്. അവിടത്തെ നീരൊഴുക്ക് ക്രമീകരിച്ച് ആവശ്യമായ ജലം ചാലക്കുടി പുഴയിൽ നിലനിർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. പുഴയിലെ ജലനിരപ്പ് കുറഞ്ഞതിന്റെ ഭാഗമായി ഇടതുകര, വലതുകര കനാലുകളിലൂടെയുള്ള വെള്ളം കുറഞ്ഞിരിക്കുകയാണ്. ആ വെള്ളം എത്തിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

\+ അനുബന്ധമായി ചേർത്തിരിക്കുന്നു

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു. + ....... (ബഹളം) .....

(3) എയ്ഡഡ് സ്കൂളുകളിലെ സ്ഥിര അധ്യാപക നിയമനം

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, 'മാതാ പിതാ ഗുരു ദൈവം' എന്നത് നമ്മുടെ വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട ആപ്തവാക്യമാണ്. 2018 മുതൽ എയ്ഡഡ് മേഖലയിൽ നിയമിതരായ അധ്യാപകർ ഇന്ന് വലിയ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. 2021 നവംബർ 8-ാം തീയതിക്കുശേഷം എയ്ഡഡ് മേഖലയിൽ നിയമിക്കപ്പെട്ട എല്ലാ അധ്യാപകരും ദിവസവേതനക്കാരായി മാറിയിരിക്കുന്ന സ്ഥിതിവിശേഷമാണ് സംജാതമായിരിക്കുന്നത്. നാല് ശതമാനം ഭിന്നശേഷിക്കാരായ അധ്യാപകരെ നിയമിക്കണമെന്ന കോടതിവിധിയുടെ അടിസ്ഥാനത്തിലുള്ള പ്രതിസന്ധിയാണ് ഇവിടെ ഉണ്ടായിരിക്കുന്നത്. അടിയന്തരമായി ഈ പ്രതിസന്ധി പരിഹരിക്കാത്തത് നമ്മുടെ സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ വലിയ തടസ്സം സൃഷ്ടിച്ചിരിക്കുകയാണ്. ഏകദേശം 17000-ത്തോളം അധ്യാപകരാണ് ഈ പ്രതിസന്ധിയിൽ അകപ്പെട്ടിട്ടുള്ളത്; അവർ സമരത്തിലാണ്. ഈ മാസം 31-ാം തീയതി അവർ സെക്രട്ടേറിയറ്റ് മാർച്ച് നടത്തുകയാണ്. നാല് ശതമാനം സംവരണത്തിനാവശ്യമായ ഭിന്നശേഷിക്കാരെ ലഭിക്കുന്നില്ലെന്ന പ്രതിസന്ധിയും നിലനിൽക്കുകയാണ്. കേരള ഹൈക്കോടതിതന്നെ ഇക്കാര്യത്തിൽ റിട്ട് ഒ.പി.നം.14317/2025-ൽ വ്യക്തമായ ഒരു നിർദേശം സർക്കാരിന് നൽകിയിട്ടുണ്ട്. Absolutely no justification for the Government to

\+ അനുബന്ധമായി ചേർത്തിരിക്കുന്നു.

deny consequential benefits to similarly situated persons, അതായത് എൻ.എസ്.എസ്.-ന് ലഭിച്ച അതേ നിലയിലുള്ള അനുവാദം എയ്ഡഡ് മേഖലയിലെ മറ്റ് മാനേജ്മെന്റുകൾക്കും നൽകണമെന്നുള്ളതാണ് ആവശ്യം. അടിയന്തരമായി ഈ പ്രശ്നം പരിഹരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ....(ബഹളം)...

മി. സ്പീക്കർ: ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്ക് ഉത്തരം മേശപ്പുറത്ത് വയ്ക്കാവുന്നതാണ്. ഉത്തരം വായിക്കുകയാണെങ്കിൽ അപ്രകാരം ചെയ്യാം.

ശ്രീ. വി. ശിവൻകുട്ടി: സർ, 1995-ലെ Persons with Disabilities Act സെക്ഷൻ 33 പ്രകാരം കാഴ്ച പരിമിതർ, ശ്രവണ പരിമിതർ, ചലനശേഷി പരിമിതർ, സെറിബ്രൽ പാൾസി എന്നീ വിഭാഗങ്ങളിലായി മൂന്ന് ശതമാനം ........(ബഹളം) ...... മുദ്രാവാക്യം ഞാനും വിളിക്കാം .....(ബഹളം)........... 'സ്വർണ്ണം കട്ടവർ ആരപ്പാ, കോൺഗ്രസ്സാണേ അയ്യപ്പാ' .....(ബഹളം) ......

മി. സ്പീക്കർ: യെസ്.. മിനിസ്റ്റർ..

ശ്രീ. വി. ശിവൻകുട്ടി: സർ, സ്വർണ്ണം കട്ടത് ആരാണെന്ന് ചോദിച്ചുകൊണ്ടാണ് പ്രതിപക്ഷാംഗങ്ങൾ ഇവിടെ മുദ്രാവാക്യം വിളിക്കുന്നത്. ....(ബഹളം)....... ശ്രീമതി സോണിയ ഗാന്ധിയെക്കുറിച്ച് അവർ ഒന്നും സംസാരിക്കുന്നില്ല. സ്വർണ്ണം കട്ടവരെന്ന് പറയപ്പെടുന്നവർ രണ്ട് തവണ ശ്രീമതി സോണിയ ഗാന്ധിയെ സന്ദർശിക്കാൻ പോയതുസംബന്ധിച്ച് അവർ ഒരു കാര്യവും പറയുന്നില്ല. **xxxxxxxxx**+

മി. സ്പീക്കർ: മിനിസ്റ്റർ പ്ലീസ്..

+ ബഹു. സഭാധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നം. KLS/363/2026/EDITING) സഭാരേഖകളിൽനിന്നും നീക്കം ചെയ്തു.

ശ്രീ. വി. ശിവൻകുട്ടി: സർ, **xxxxxxxx+** (......ബഹളം......) പ്രതിപക്ഷാംഗങ്ങൾ ശ്രീമതി സോണിയ ഗാന്ധിയെക്കുറിച്ച് പരാമർശിക്കാത്തത് എന്തുകൊണ്ടാണെന്ന് മനസ്സിലാകുന്നില്ല. അവരെക്കുറിച്ചും സംസാരിക്കണം. ശ്രീമതി സോണിയ ഗാന്ധിയുടെ വീട്ടിൽ രണ്ട് തവണ സ്വർണ്ണം കട്ടവർ പോയില്ലേ; **xxxxxxx+** .........(ബഹളം)....... ശ്രീമതി സോണിയ ഗാന്ധിയെക്കുറിച്ചും ഇതുമായി ബന്ധമുള്ള കോൺഗ്രസ് നേതാക്കളെക്കുറിച്ചും നിങ്ങൾ പറയണം. ...(ബഹളം)...

മി. സ്പീക്കർ: മിനിസ്റ്റർ പ്ലീസ്.. .......

ശ്രീ. വി. ശിവൻകുട്ടി: സർ, സബ്മിഷന്റെ മറുപടി പറഞ്ഞുതുടങ്ങിയിട്ടേയുള്ളൂ. കഴിഞ്ഞിട്ടില്ല. (.....ബഹളം.....) ശ്രീമതി സോണിയ ഗാന്ധിയുടെ വീട്ടിൽ എന്തിനാണ് തന്ത്രി പോറ്റി രണ്ട് തവണ പോയത്; ആരാണ് അദ്ദേഹത്തെ അവിടെ കൊണ്ടുപോയത്? (....ബഹളം....) ഈ ചോദ്യങ്ങൾക്കെല്ലാം മറുപടി നൽകേണ്ടതുണ്ട്. ശ്രീമതി സോണിയ ഗാന്ധിക്ക് ഈ വിഷയത്തിലുള്ള പങ്കെന്താണ്? ....(ബഹളം)...

മി.സ്പീക്കർ: യെസ്.. മിനിസ്റ്റർ.. ദയവായി ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്ക് സബ്മിഷന്റെ മറുപടി മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

ശ്രീ. വി. ശിവൻകുട്ടി: സർ, വിശദമായ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു+.

\+ ബഹു. സഭാധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നം. KLS/363/2026/EDITING) സഭാരേഖകളിൽനിന്നും നീക്കം ചെയ്തു.

\+ ബഹു. സഭാധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നം. KLS/363/2026/EDITING) സഭാരേഖകളിൽനിന്നും നീക്കം ചെയ്തു.

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(4) <u>മാവൂർ തെങ്ങിലക്കടവിൽ കാൻസർ സെന്റർ</u>

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, 2010-ൽ മാവൂർ തെങ്ങിലക്കടവ് പഞ്ചായത്തിൽ ഒരു കാൻസർ സെന്റർ ആരംഭിക്കുന്നതിനുവേണ്ടി ഏക്കർ കണക്കിന് സ്ഥലവും ബഹുനില കെട്ടിടവും സർക്കാരിന് കൈമാറിയിരുന്നു. ഇത് ഉപയോഗപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ ഒരു യോഗം ചേരുകയുണ്ടായി. ....(ബഹളം)....... ആയതിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതിയുടെ ചുമതല ജില്ലാ പഞ്ചായത്തിനെ ഏൽപിക്കുകയും കാൻസർ സെന്റർ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കാൻ തീരുമാനിക്കുകയും ചെയ്തിരുന്നു. ...(ബഹളം)... എന്നാൽ നാളിതുവരെയും മന്ത്രിതല യോഗം ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല. ആയത് എത്രയുംവേഗം പ്രാവർത്തികമാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്ജ്</u>): സർ, കേരളത്തിലെ സാധാരണക്കാരനായ .....(ബഹളം)....... ഒരു കോൺഗ്രസ്സ് പ്രവർത്തകയ്ക്കോ/പ്രവർത്തകനോ ശ്രീമതി സോണിയ ഗാന്ധിയുടെ വസതിക്കുള്ളിലേക്ക് പ്രവേശനമുണ്ടോ; ശ്രീ. ഉണ്ണികൃഷ്ണൻ പോറ്റിയെ ശ്രീമതി സോണിയ ഗാന്ധിയുടെ വീട്ടിൽ കയറ്റിയതാരാണ്; എന്ത് ഉദ്ദേശ്യത്തിലാണ് അവിടെ കയറ്റിയത്; .....(ബഹളം)..... അദ്ദേഹത്തെ ആരാണ് അങ്ങോട്ടേക്ക് കൊണ്ടുപോയത്; കേരളത്തിലെ സാധാരണക്കാരായ കോൺഗ്രസ് .....(ബഹളം)..... പ്രവർത്തകർക്ക് സാധിക്കാത്ത ഒരു കാര്യം ഉണ്ണികൃഷ്ണൻ പോറ്റിക്ക് എങ്ങനെയാണ് സാധിച്ചത്? ഇത്തരത്തിലുള്ള എല്ലാ ചോദ്യങ്ങൾക്കുമുള്ള ഉത്തരങ്ങൾ ചർച്ച ചെയ്യാതെ, വാസ്തവത്തിൽ കേരളത്തിലെ പ്രതിപക്ഷം ഒളിച്ചോടുകയാണ്

ചെയ്യുന്നത്. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിലൂടെ ഈ വിഷയം അവർക്ക് സഭയിൽ അവതരിപ്പിക്കാമായിരുന്നു. ആ രീതിയിൽ എന്തുകൊണ്ടാണ് ഈ വിഷയം ഉന്നയിക്കാതിരുന്നത്? ........(ബഹളം)........ യഥാർഥത്തിൽ പ്രതിപക്ഷാംഗങ്ങൾ ഒളിച്ചോടുകയാണ്. അവർ കുറ്റവും കളവും ചെയ്തിട്ടുണ്ട്. ഇത് കേരളത്തിലെ ജനങ്ങൾ കാണണം. കേരളജനത കാണുന്നതിനും അറിയുന്നതിനുംവേണ്ടി ജനാധിപത്യ മര്യാദയനുസരിച്ച് ഇക്കാര്യം നിയമസഭയിൽ ചർച്ച ചെയ്യാമായിരുന്നു. അവരുടെ ഒളിച്ചോട്ടമാണിത്. (.....ബഹളം.....) ധൈര്യമുണ്ടെങ്കിൽ അവരുടെ അവകാശമുപയോഗിച്ച് കേരള നിയമസഭയിൽ ഈ വിഷയം ചർച്ച ചെയ്യാൻ അവസരം തേടുകയാണ് ചെയ്യേണ്ടത് എന്നുമാത്രം ഈ അവസരത്തിൽ ഞാൻ അഭിപ്രായപ്പെടുന്നു.

മാവൂർ തെങ്ങിലക്കടവിൽ കാൻസർ സെന്റർ ആരംഭിക്കുന്നത് സംബന്ധിച്ച് 2025 ഒക്ടോബർ മാസം 20-ാം തീയതിയായിരുന്നു ചർച്ച നടന്നത്. ടി ചർച്ചയിൽ പ്രൊപ്പോസൽ നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു. രണ്ട് ദിവസം മുമ്പ് ടി പ്രൊപ്പോസൽ സർക്കാരിൽ എത്തിയിട്ടുണ്ട്. ആയതിന്മേൽ ഏതാനും ദിവസങ്ങൾക്കുള്ളിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.+

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

**[9.34am]**

**V. റിപ്പോർട്ട് സമർപ്പണം**

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പത്തൊമ്പതാമത് റിപ്പോർട്ട്

ശ്രീ. പ്രമോദ് നാരായൺ: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ചെയർപേഴ്സണായ ഞാൻ സമിതിയുടെ പത്തൊമ്പതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു.

**[9.35am]**

**VI. ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്മേലുള്ള ചർച്ച**

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, "2026 ജനുവരി 20-ന് ബഹുമാനപ്പെട്ട ഗവർണർ നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ബഹുമാനപ്പെട്ട ഗവർണർക്ക് നന്ദി രേഖപ്പെടുത്തുന്നു" എന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (.....ബഹളം......)

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

(ഉപക്ഷേപത്തിന് ഭേദഗതി നോട്ടീസ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഗവർണർ പദവി ഭരണഘടനാനുസൃതമാണ്. നയപ്രഖ്യാപനത്തിന്റെ ഭാഗമായി അദ്ദേഹം മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രസംഗമാണ് നടത്തേണ്ടത്. ഭരണഘടനാപരമായ തത്വങ്ങൾ

ലംഘിച്ചുകൊണ്ടാണ് ബഹുമാനപ്പെട്ട ഗവർണർ ഇവിടെ പ്രസംഗം അവതരിപ്പിച്ചത്. ഈ സന്ദർഭത്തിൽ ഭരണഘടനാ മൂല്യങ്ങളും ജനാധിപത്യവും സംരക്ഷിക്കുന്നതിനുവേണ്ടി കേരളത്തിലെ ഗവൺമെന്റ് സ്വീകരിച്ച നടപടി മാതൃകാപരമാണ്. ഈ നിലപാട് ഉയർത്തിപ്പിടിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുന്നു. (.....ബഹളം.....) ഒന്നിനുപുറകെ ഒന്നായി ഉയർന്നുവന്ന വൻ പ്രതിസന്ധികളെ അസാധാരണമായ ചങ്കുറ്റത്തോടെ മറികടന്ന് അതിജീവനത്തിന്റെയും പുനഃസൃഷ്ടിയുടെയും ചരിത്രം രചിച്ചാണ് എൽ.ഡി.എഫ്. സർക്കാർ തുടർച്ചയായ പത്തുവർഷം പൂർത്തിയാക്കുന്നത്. സഖാവ് പിണറായി വിജയൻ നയിക്കുന്ന സംസ്ഥാന സർക്കാർ വിജ്ഞാനാധിഷ്ഠിത വികസന നവകേരളം സൃഷ്ടിക്കാനുള്ള ജൈത്രയാത്ര തുടരുകതന്നെ ചെയ്യും എന്നതിന്റെ പ്രഖ്യാപനമാണ് ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപനം. കേരള ചരിത്രത്തിൽ ആദ്യമായാണ് ഒരു സർക്കാരിന് ജനങ്ങൾ തുടർഭരണം സമ്മാനിച്ചത്. 2016-ൽ അധികാരമേറ്റ ഒന്നാം പിണറായി സർക്കാർ മുൻഭരണത്തിൽ തകർന്നടിഞ്ഞുപോയ കേരളത്തെ ക്ഷേമത്തിന്റെയും വികസനത്തിന്റെയും പാതയിലേക്ക് നയിച്ചത് തിരിച്ചറിഞ്ഞ ജനങ്ങൾ അത് തുടരാൻ നൽകിയ അംഗീകാരമായിരുന്നു ഉജ്ജ്വലമായ ആ വൻ വിജയത്തുടർച്ച. പത്തുവർഷംകൊണ്ട് കേരളം ആർജിച്ച എണ്ണമറ്റ നേട്ടങ്ങൾ ലോകശ്രദ്ധ നേടി. കേരളത്തിന്റെ വിവിധ ക്ഷേമ വികസന പദ്ധതികൾ രാജ്യത്തിനാകെ മാതൃകയായി അംഗീകരിക്കപ്പെട്ടു. നവകേരളം പടുത്തുയർത്താനുള്ള മുന്നേറ്റം തുടരാൻ ഇത്തവണയും എൽ.ഡി.എഫ്.-ന് ജനകീയാംഗീകാരം ലഭിക്കുമെന്നതിൽ സംശയമില്ല. അഴിമതിയും ജീർണതകളും വികസനമുരടിപ്പും കൊടികുത്തിവാണ നാളുകളിൽനിന്ന് സംസ്ഥാനത്തെ

മോചിപ്പിച്ച് ക്ഷേമവികസന പാതയിലേക്ക് നയിച്ചത് 2016-ൽ അധികാരമേറ്റ സഖാവ് പിണറായി വിജയൻ സർക്കാരാണ്. ഈ സർക്കാർ അധികാരമേറ്റ ഉടൻ അധികാരത്തിന്റെ ഇടനാഴികളിൽ തമ്പടിച്ച് വിഹരിച്ചിരുന്ന ഇടനിലക്കാരുടെയും മാഫിയാ സംഘങ്ങളുടെയും പിടിയിൽനിന്ന് ഭരണ സിരാകേന്ദ്രത്തെ മോചിപ്പിക്കുകയാണ് ചെയ്തത്. ജനങ്ങളെ ചേർത്തുനിർത്തി ജനങ്ങളുടെ ഹൃദയസ്പന്ദനമറിഞ്ഞ് ജനക്ഷേമവും വികസനവും നാടിന്റെ പുരോഗതിയും ഉറപ്പുവരുത്തി ഈ ഗവൺമെന്റ് തുടർച്ചയായ പത്തുവർഷം പൂർത്തിയാക്കുകയാണ്. ഭരണത്തുടർച്ചയുടെ കാഹളം തന്നെയാണ് കേരളത്തിൽ മുഴങ്ങുന്നത്. (......ബഹളം......) 2016-ൽ എൽ.ഡി.എഫ്. അധികാരമേൽക്കുമ്പോൾ നമ്മുടെ സംസ്ഥാനം പാടേ തകർന്നുകിടക്കുകയായിരുന്നു. പാവങ്ങളുടെ ആശ്രയമായ 600 രൂപ ക്ഷേമ പെൻഷൻപോലും കൊടുക്കാത്ത കൊടും ക്രൂരത ആർക്ക് മറക്കാനാകും; സർക്കാർ സ്കൂളുകൾ അനാദായകരം എന്നുപറഞ്ഞ് വിൽക്കാൻ തീരുമാനിച്ചതും പരീക്ഷ കഴിഞ്ഞിട്ടും പാഠപുസ്തകം കിട്ടാത്തതും നിയമന നിരോധനം അടിച്ചേൽപ്പിച്ചതും വിലക്കയറ്റവും തകർന്ന പൊതുവിതരണ സംവിധാനവും നഷ്ടത്തിലേക്ക് കൂപ്പുകുത്തി തകർന്ന പൊതുമേഖലാ വ്യവസായങ്ങളും കണ്ടിരുന്ന കാലവും പവർ കട്ടും ലോഡ് ഷെഡ്ഡിങ്ങും മണിക്കൂറുകൾ ഇരുൾ പടർത്തിയ ആ നശിച്ച നാളുകളും ഇനി ഒരിക്കലും തിരിച്ച് വരരുതെന്ന് ചിന്തിച്ചുറപ്പിച്ച ഒരു ജനത ഇവിടെയുണ്ട്. (.....ബഹളം)..... തങ്ങളുടെ അനുഭവങ്ങളിലൂടെ അവർ അവരുടെ ശത്രുക്കളെ തിരിച്ചറിഞ്ഞിട്ടുണ്ട്. പ്രതിസന്ധികളിൽ പകച്ചുനിൽക്കാതെ അതെല്ലാം അതിജീവിക്കാൻ ജനങ്ങളെ ചേർത്തുനിർത്തി മുന്നോട്ടുപോയി. ചരിത്രത്തിൽ ഇതുവരെയില്ലാത്ത അഭൂതപൂർവ്വമായ വികസന ക്ഷേമപദ്ധതികൾക്കാണ് കേരളം സാക്ഷ്യം

വഹിക്കുന്നത്. എൽ.ഡി.എഫ്. സർക്കാരിന്റെ നിശ്ചയദാർഢ്യത്തിന്റെയും ജനപക്ഷ നിലപാടിന്റെയും ഫലമാണിത്. കോൺഗ്രസ്സും ബി.ജെ.പി.-യും എത്രതന്നെ ശ്രമിച്ചാലും അത് മറച്ചുവയ്ക്കാനാകില്ല. ഏതെങ്കിലും ഒരു വികസന ക്ഷേമപദ്ധതിയെ നിങ്ങൾ അനുകൂലിച്ചിട്ടുണ്ടോ? ഫെഡറൽ തത്വങ്ങൾ ലംഘിച്ച് കേന്ദ്രഗവൺമെന്റ് കേരളത്തെ സാമ്പത്തികമായി ശ്വാസംമുട്ടിക്കുമ്പോൾ കോൺഗ്രസ്സും യു.ഡി.എഫ്.-ഉം അതിനെ കൈയടിക്കുകയാണ് ചെയ്യുന്നത്. കേരളത്തിന്റെ അവകാശങ്ങൾ തടയാനല്ലാതെ പാർലമെന്റിൽ നമ്മുടെ ആവശ്യങ്ങൾ ഉയർത്താൻ യു.ഡി.എഫ്. ശ്രമിച്ചിട്ടുണ്ടോ? പാർലമെന്റിനുമുന്നിൽ നിരന്നുനിന്ന് പോറ്റിപ്പാട്ട് പാടിയ നിങ്ങളുടെ എം.പി.-മാർ കേന്ദ്ര പദ്ധതികളിൽ കേരളത്തിന് നിഷേധിച്ച ആയിരക്കണക്കിന് കോടി രൂപ നൽകണമെന്ന് ഒരിക്കലെങ്കിലും ആവശ്യപ്പെട്ടിട്ടുണ്ടോ? (ബഹളം)......

<u>മി. സ്പീക്കർ</u>: ശ്രീ. ടി. പി. രാമകൃഷ്ണൻ, പ്ലീസ്...

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, നമ്മുടെ അടിസ്ഥാന സൗകര്യ വികസന രംഗത്തുൾപ്പെടെ പത്തുവർഷംകൊണ്ട് വൻകുതിപ്പാണുണ്ടായത്. ദേശീയപാത, മലയോര ഹൈവേ, തീരദേശ ഹൈവേ, വയനാട് തുരങ്കപാത, വിഴിഞ്ഞം തുറമുഖം, ലൈഫ് മിഷൻ ഭവന പദ്ധതി, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം, ആർദ്രം മിഷനിലൂടെ മികച്ച ആരോഗ്യ സംവിധാനം, കൊച്ചി മെട്രോ, വാട്ടർ മെട്രോ, കിഫ്ബി പദ്ധതികൾ, ഗെയ്ൽ പൈപ്പ്ലൈൻ, കൊച്ചി-ഇടമൺ പവർ ഹൈവേ, കെ-ഫോൺ തുടങ്ങി നാടിന്റെ മുഖച്ഛായ മാറ്റിയ വികസന ക്ഷേമ മുന്നേറ്റമാണ് നടന്നത്. 2016-ൽ എൽ.ഡി.എഫ്. അധികാരത്തിൽ വരുമ്പോൾ എല്ലാ രംഗത്തും മുരടിപ്പായിരുന്നു. നിങ്ങളുടെ ഭരണകാലത്ത് ദേശീയപാത

അതോറിറ്റി അവരുടെ ഓഫീസ് പൂട്ടി സ്ഥലം വിട്ടു. സ്ഥലമെടുപ്പിന്റെ പകുതി വിഹിതം സംസ്ഥാന സർക്കാർ വഹിക്കുമെന്ന വ്യവസ്ഥ പ്രകാരം എൽ.ഡി.എഫ്. ഭരണത്തിൽ ദേശീയപാത നിർമ്മാണത്തിന് തുടക്കം കുറിച്ചു. അത് മുടക്കാൻ സമരം സംഘടിപ്പിച്ചവരാണ് കോൺഗ്രസ്സും യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും. (.....ബഹളം.....) കീഴാറ്റൂരിൽ നന്ദിഗ്രാമിലെ മണ്ണും കൊണ്ടുവന്ന് നിങ്ങൾ നടത്തിയ സമരാഭാസം കേരളത്തിന് മറക്കാനാകുമോ? ഞങ്ങളുടെ സർക്കാർ നിങ്ങളുടെ കുത്തിത്തിരിപ്പുകൾ മറികടന്ന് ഇതിനകം 440 കിലോമീറ്റർ പാത പൂർത്തീകരിച്ചു. എന്ത് എതിർപ്പുകൾ നിങ്ങൾ ഉയർത്തിയാലും എൽ.ഡി.എഫ്. അത് പൂർത്തീകരിക്കുകതന്നെ ചെയ്യും.

മി. സ്പീക്കർ: യെസ്. .... പ്ലീസ്... പ്ലീസ്...

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഏതെങ്കിലും ഒരു പദ്ധതിക്ക് അനുകൂലമായി പ്രതിപക്ഷം നിന്നിട്ടുണ്ടോ? വിനാശകാരികളായ നിങ്ങൾ എല്ലാ കാര്യങ്ങൾക്കും തടസ്സം സൃഷ്ടിക്കാൻ ശ്രമിച്ചുവെങ്കിലും കേരളം അതൊക്കെ മറികടന്നു. തങ്ങൾക്ക് അധികാരം കിട്ടിയാൽ ലൈഫ് അടക്കം എൽ.ഡി.എഫ്. സർക്കാർ രൂപം നൽകിയ നാല് മിഷനുകളും പിരിച്ചുവിടുമെന്നാണ് 2021-ൽ യു.ഡി.എഫ്. പ്രഖ്യാപിച്ചത്. പാവപ്പെട്ട മനുഷ്യരുടെ വീടെന്ന സ്വപ്നം തല്ലിക്കെടുത്താൻ നോക്കിയ മനുഷ്യത്വമില്ലായ്മയ്ക്ക് ചുട്ട മറുപടി നൽകി കേരളം നിങ്ങളെ ആട്ടിയോടിച്ചു. യു.ഡി.എഫ്. പിരിച്ചുവിടുമെന്ന് പ്രഖ്യാപിച്ച ലൈഫ് മിഷനിലൂടെ പിണറായി വിജയൻ സർക്കാർ അഞ്ചുലക്ഷം കുടുംബങ്ങൾക്ക് വീടൊരുക്കി; ആറുലക്ഷത്തി അഞ്ഞൂറ്റി നാൽപ്പത്തിയേഴ് വീടുകൾ നിർമ്മിക്കുന്നതിന് കരാർ ഒപ്പിട്ടു; ഒന്നേകാൽ ലക്ഷം വീടുകളുടെ നിർമ്മാണം പുരോഗമിക്കുകയാണ്. ലൈഫ് മിഷൻ പദ്ധതി രാജ്യത്തിന് മാതൃകയായണെന്ന്

നീതി ആയോഗ് ഈയിടെ പ്രഖ്യാപിച്ചത് നമുക്ക് അഭിമാനമാണ്. ഇത് കോൺഗ്രസ് വച്ചുകൊണ്ടിരിക്കുന്ന സാങ്കല്പിക വീടുകളല്ലെന്നുകൂടി ഈ അവസരത്തിൽ ഓർമ്മിപ്പിക്കട്ടെ. 2018-ലെ പ്രളയത്തിനുശേഷം ആയിരം വീടുകളാണ് കെ.പി.സി.സി. പ്രഖ്യാപിച്ചത്. പുനർജനി പദ്ധതിയിൽ പ്രതിപക്ഷ നേതാവിന്റെ വക 217 വീട്. മുണ്ടക്കൈ ചൂരൽമല ദുരിതബാധിതർക്കായി കോൺഗ്രസ് നൂറ് വീട് വാഗ്ദാനം ചെയ്തു. ശ്രീ. രാഹുൽ ഗാന്ധി വക നൂറ് വീട് വേറെ. യൂത്ത് കോൺഗ്രസ് വക മുപ്പത് വീട്. ഇപ്പോൾ നമുക്കൊപ്പമുണ്ടാകേണ്ടിയിരുന്നെങ്കിലും ജയിലിൽ ഏകാംഗ സെല്ലിൽ കഴിയുന്ന ഒരു എം.എൽ.എ.-യുടെ നേതൃത്വത്തിൽ ഇതിന് ഭീമമായ പണപ്പിരിവും നടത്തി. എവിടെ ഈ വീടുകൾ; അതിനുവേണ്ടി സ്വരൂപിച്ച കോടികൾ എവിടെ? ഇനിയെങ്കിലും അത് തുറന്നുപറയണം. ലൈഫ് മിഷൻ പിരിച്ചുവിടുമെന്ന പ്രഖ്യാപനത്തിൽ യു.ഡി.എഫ്. ഉറച്ചുനിൽക്കുന്നുണ്ടോ? ഇല്ലെങ്കിൽ കേരളത്തോട് മാപ്പ് പറയാനുള്ള ആർജ്ജവം നിങ്ങൾ കാണിക്കുമോ? പ്രതിപക്ഷം മറുപടി പറഞ്ഞേ മതിയാകൂ. (....ബഹളം.....) നിങ്ങൾ പിരിച്ചുവിടുമെന്ന് ഭീഷണി മുഴക്കിയ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലൂടെ പത്തുലക്ഷത്തോളം വിദ്യാർഥികളാണ് പൊതുവിദ്യാലയങ്ങളിൽ കൂടുതലായി എത്തിയത്. വിദ്യാലയങ്ങളിൽ 5,000 കോടിയിലധികം രൂപയുടെ അടിസ്ഥാന സൗകര്യ വികസനം നടപ്പാക്കി. അൻപതിനായിരം ഹൈടെക് ക്ലാസ് റൂമുകൾ, റോബോട്ടിക് ലാബ് തുടങ്ങി അത്യാധുനിക സൗകര്യങ്ങളോടെ നമ്മുടെ കുട്ടികൾ പഠിക്കുന്നു. 2016-ൽ നിങ്ങളെ ജനങ്ങൾ പുറത്താക്കുമ്പോൾ ആയിരത്തോളം പൊതുവിദ്യാലയങ്ങൾ അടച്ചുപൂട്ടൽ ഭീഷണിയിലായിരുന്നു. കിഫ്ബി വഴിയുള്ള വികസന പദ്ധതികൾ തകിടം മറിക്കാൻ

യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും കിണഞ്ഞു ശ്രമിച്ചു. നിങ്ങൾ ഒത്തുചേർന്ന് ഇ.ഡി.-യെയും സി.ബി.ഐ.-യെയുമൊക്കെ ഇറക്കി വേട്ടയാടി. ഈ സർക്കാർ കിഫ്ബി വഴി 1190 പദ്ധതികളിലായി 90,562 കോടി രൂപയുടെ വൻ വികസന പ്രവർത്തനങ്ങളാണ് നടത്തുന്നത്. ......(ബഹളം).... യു.ഡി.എഫ്. എം.എൽ.എ.-മാരുടേത് അടക്കം 140 നിയമസഭാമണ്ഡലങ്ങളിലും കിഫ്ബി പദ്ധതികൾ നടപ്പാക്കി. ഒരുഭാഗത്ത് കിഫ്ബിയെ തകർക്കാൻ പാടുപെടുക, മറുവശത്ത് മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ തങ്ങളുടെ നേട്ടമാണെന്ന് മേനിനടിക്കുക. യു.ഡി.എഫ്.-ന്റെ കാപട്യത്തിനും ജനവഞ്ചനയ്ക്കും ഇനിയെന്ത് തെളിവുവേണം. കിഫ്ബിക്കെതിരായ നെറികെട്ട ആരോപണങ്ങളിൽ ഉറച്ചുനിൽക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാൻ പ്രതിപക്ഷത്തെ ഞങ്ങൾ വെല്ലുവിളിക്കുകയാണ്. (.....ബഹളം......) രാജ്യത്തെ ഏറ്റവും നീളമേറിയ രണ്ടാമത്തെ തുരങ്ക പാതയാണ് വയനാട് തുരങ്കപാത. അതും എതിർക്കുമെന്നാണ് പ്രതിപക്ഷനേതാവ് പരസ്യമായി പ്രഖ്യാപിച്ചത്. അതിൽ നിങ്ങൾ ഉറച്ചുനിൽക്കുന്നുണ്ടോ? അതോ തെറ്റുപറ്റിയെന്ന് ഏറ്റുപറയുമോ? രാജ്യത്ത് ആദ്യമായി ഒരു സംസ്ഥാനം ആരംഭിച്ച പദ്ധതിയാണ് കെ-ഫോൺ. അത് മുടക്കാനും പ്രതിപക്ഷം രംഗത്തിറങ്ങി, കോടതിയിൽ പോയി. ഹൈക്കോടതിയിൽനിന്ന് തിരിച്ചടി കിട്ടി. പ്രതിപക്ഷനേതാവിന് 'പബ്ലിക് ഇന്ററസ്റ്റോ പബ്ലിസിറ്റി ഇന്ററസ്റ്റോ' എന്ന്ഹൈക്കോടതി ചോദിച്ചു. ഹൈക്കോടതി എന്നെ വിമർശിച്ചിട്ടില്ല, പരിഹസിച്ചിട്ടേയുള്ളൂയെന്ന് പറയേണ്ട ഗതികേട് പ്രതിപക്ഷനേതാവിനുണ്ടായി.

പത്തുവർഷമായി പിണറായി വിജയൻ സർക്കാർ സമസ്ത മേഖലകളെയും സ്പർശിക്കുന്ന വികസന ക്ഷേമ പദ്ധതികളാണ് നടപ്പാക്കുന്നത്. അത് സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ

വികസന പ്രക്രിയയാണ്. രാജ്യത്തെ ആദ്യ അതിദാരിദ്ര്യമുക്ത സംസ്ഥാനമാണ് കേരളം. കഴിഞ്ഞ കേരളപ്പിറവി ദിനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ മഹത്തായ പ്രഖ്യാപനം നിർവഹിച്ചു. ലോക പ്രശംസ നേടിയ സുസ്ഥിര വികസന പ്രക്രിയയുടെ ഉടമകളാണ് നാം. കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക ഉപരോധം മറികടന്ന് സ്വന്തമായ വിഭവ സമാഹരണത്തിലൂടെ പിണറായി വിജയൻ സർക്കാർ ക്ഷേമ വികസന പ്രവർത്തനങ്ങൾ തുടരുകയാണ്. അതിൽനിന്ന് പുറകോട്ടുപോകുന്ന പ്രശ്നമില്ല. 62 ലക്ഷം പേർക്ക് രണ്ടായിരം രൂപ വീതം മാസംതോറും സാമൂഹ്യ സുരക്ഷാ പെൻഷൻ വീട്ടിലെത്തുന്നുണ്ട്. 2016-ൽ എൽ.ഡി.എഫ്. അധികാരമേൽക്കുമ്പോൾ 600 രൂപയായിരുന്നു പെൻഷൻ. 18 മാസം പെൻഷൻ കുടിശ്ശിക വരുത്തുകയും ചെയ്തിരുന്നു. എൽ.ഡി.എഫ്. സർക്കാർ കുടിശ്ശിക സഹിതം നൽകുകയും രണ്ടായിരം രൂപയായി പെൻഷൻ വർധിപ്പിക്കുകയും ചെയ്തു. 2011-16 കാലത്ത് യു.ഡി.എഫ്. സർക്കാർ 8833 കോടി രൂപ മാത്രമാണ് പെൻഷനായി നൽകിയത്. 2016 മുതൽ ഇതുവരെയായി പിണറായി വിജയൻ സർക്കാർ 85,000 കോടി രൂപ സാമൂഹ്യ സുരക്ഷാ പെൻഷനായി പാവങ്ങളുടെ കരങ്ങളിലെത്തിച്ചു. കോൺഗ്രസ് നേതാക്കൾ പെൻഷനെ കൈക്കൂലിയെന്ന് പറഞ്ഞ് ആക്ഷേപിക്കുകയാണ്. 34 ലക്ഷം സ്ത്രീകൾക്ക് മാസം ആയിരം രൂപ വീതം നൽകുന്ന സുരക്ഷാ പദ്ധതി നടപ്പാക്കുകയാണ്. ഈ ക്ഷേമ വികസന പ്രവർത്തനങ്ങൾ തുടരാനുള്ള ജനകീയ അംഗീകാരം 2026-ൽ എൽ.ഡി.എഫ്.-ന് ലഭിക്കുമെന്ന് ഞങ്ങൾക്കുറപ്പുണ്ട്. രണ്ടുമുന്നണിയുടെയും സമീപനവും നയങ്ങളും അനുഭവിച്ചറിഞ്ഞ ജനത എൽ.ഡി.എഫ്.-നൊപ്പം നിൽക്കുമെന്ന് ഞങ്ങൾക്ക് ആത്മവിശ്വാസമുണ്ട്. പുതിയ കേരളം പടുത്തുയർത്താൻ 10 വർഷമായി പിണറായി വിജയൻ

സർക്കാർ നടത്തുന്ന വികസന ക്ഷേമ ജൈത്രയാത്രയുടെ കൊടിയടയാളമാണ് ഈ നയപ്രഖ്യാപനം. തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ വർഗ്ഗീയ ശക്തികളുമായി ഒത്തുചേർന്ന് യു.ഡി.എഫ്. നേടിയ വിജയം ക്ഷണികമാണെന്ന് കാലം തെളിയിക്കും. തരാതരം വർഗ്ഗീയ ഛിദ്രശക്തികളെ നിങ്ങൾ വാരിപ്പുണരുകയാണ്. മതനിരപേക്ഷ കേരളം നിങ്ങൾക്ക് മാപ്പുതരില്ല. ശബരിമലയിലെ സ്വർണ്ണക്കൊള്ളക്കെതിരെ പിണറായി വിജയൻ സർക്കാർ സ്വീകരിച്ച ശക്തവും കർക്കശവുമായ നടപടികൾ യു.ഡി.എഫ്.-നെയും ബി.ജെ.പി.-യെയും പരിഭ്രാന്തരാക്കിയിട്ടുണ്ട്. യു.ഡി.എഫ്. ഭരണകാലത്താണ് സ്വർണ്ണം കട്ടവനെ ശബരിമലയിൽ കയറ്റിയത്. സ്വർണ്ണം കട്ടവനെയും വാങ്ങിയവനെയും ഒരുമിച്ച് കോൺഗ്രസിന്റെ ഏകാംഗ ഹൈക്കമാൻഡായ ശ്രീമതി സോണിയ ഗാന്ധിയുടെ വസതിയിൽ എത്തിച്ചത് എം.പി.-മാരായ ശ്രീ. അടൂർ പ്രകാശും ശ്രീ. ആന്റോ ആന്റണിയും ചേർന്നാണെന്ന് വ്യക്തമായിട്ടും കോൺഗ്രസ് പോറ്റിപ്പാട്ടും പാടി എൽ.ഡി.എഫ്. സർക്കാരിനെ അധിക്ഷേപിച്ച് നടക്കുകയാണ്. വിശ്വാസവും മതവും ദുരുപയോഗം ചെയ്ത് കേരളത്തിലെ ജനങ്ങളുടെ കണ്ണിൽ പൊടിയിടാമെന്ന യു.ഡി.എഫ്.-ബി.ജെ.പി. വ്യാമോഹം വിലപ്പോവില്ല. മതന്യൂനപക്ഷങ്ങളിൽ തെറ്റിദ്ധാരണയുണ്ടാക്കാനും സംഘപരിവാറുമായുള്ള അവിശുദ്ധ കൂട്ടുകെട്ട് മറച്ചുപിടിക്കാനും എൽ.ഡി.എഫ്.-ന് ബി.ജെ.പി. ബന്ധമെന്ന നട്ടാൽ കുരുക്കാത്ത നുണ യു.ഡി.എഫ്. പ്രചരിപ്പിക്കുകയാണ്. പോക്കറ്റടിക്കാരൻ വഴിയേ പോകുന്നവനെ കള്ളനെന്ന് വിളിച്ച് രക്ഷപ്പെടാൻ ശ്രമിക്കുന്നതുപോലെ പ്രതിപക്ഷം കള്ളം വിളിച്ച് കൂവുന്നു. ബി.ജെ.പി.-യുമായി ഒളിഞ്ഞും തെളിഞ്ഞും കൂട്ടുകെട്ടുണ്ടാക്കിയത് ആരാണ്; വടകരയിലും

ബേപ്പൂരിലും രൂപപ്പെട്ട കോ-ലീ-ബി സഖ്യത്തെ ഇത്തെറിഞ്ഞ കേരളത്തിന്റെ മതനിരപേക്ഷ മനസ്സിൽനിന്ന് നിങ്ങളുടെ വഞ്ചനയുടെ ചിത്രം മായ്ച്ചുകളയാനാകുമോ?

മി. സ്പീക്കർ: പ്ലീസ്...പ്ലീസ്... (ബഹളം)....

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, തദ്ദേശഭരണ തിരഞ്ഞെടുപ്പിൽ എത്ര പദവികളാണ് യു.ഡി.എഫ്. ബി.ജെ.പി.-ക്ക് താലത്തിൽവച്ച് നൽകിയത്? അധികാരക്കൊതി മൂത്ത് ഹിന്ദു-മുസ്ലിം തീവ്ര വർഗീയ സംഘടനകളുമായി കൂട്ടുകൂടാൻ നിങ്ങൾക്ക് ഒരു മടിയുമുണ്ടായില്ല. ....(ബഹളം).... മറ്റത്തൂരും തിരുവനന്തപുരവും തുടങ്ങി എത്രയോ ഉദാഹരണങ്ങൾ കേരളത്തിന് മുന്നിലുണ്ട്. തിരുവനന്തപുരം കോർപറേഷൻ സംഘപരിവാറിന് ലഭിക്കാൻവേണ്ടി എത്ര കോൺഗ്രസ് സ്ഥാനാർഥികളെയാണ് നിങ്ങൾ വഞ്ചിച്ചത്; ബി.ജെ.പി. വിജയിച്ച 41 ഡിവിഷനുകളിൽ കോൺഗ്രസ് ദയനീയമായി മൂന്നാം സ്ഥാനത്തേക്ക് തള്ളപ്പെട്ടത് എങ്ങനെയെന്ന് പ്രതിപക്ഷ നേതാവും കൂട്ടരും വിശദീകരിക്കുമോ? നമ്മുടെ മഹത്തായ മതനിരപേക്ഷ പാരമ്പര്യത്തിന് മാരകമായി മുറിവേൽപ്പിച്ച് കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി സംഘപരിവാറിന് നിയമസഭയിൽ പ്രാതിനിധ്യം സമ്മാനിച്ചവരാണ് ഞങ്ങളെ ആക്ഷേപിക്കുന്നത്. 2016-ൽ കാവി പരവതാനി വിരിച്ച് നേമം മണ്ഡലത്തിൽനിന്ന് ആർ.എസ്.എസ്. നേതാവിനെ വിജയ കിരീടമണിയിച്ച് പല്ലക്കിലേറ്റി ഈ നിയമസഭാ വേദിയിൽ എത്തിച്ചത് ആരാണെന്ന് മറുപടി നൽകാൻ കോൺഗ്രസ്-ലീഗ് നേതാക്കൾക്ക് തന്റേടമുണ്ടോ?

മി. സ്പീക്കർ: യെസ്. പ്ലീസ്...പ്ലീസ്... കൺക്ലൂഡ്.

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, അന്ന് യു.ഡി.എഫ്. സ്ഥാനാർത്ഥിക്ക് 13860 വോട്ട് മാത്രമായി ചുരുങ്ങിപ്പോയത് എന്തുകൊണ്ട്? നേമം എന്നത് കോൺഗ്രസുകാർ ലീഡർ എന്ന് വിശേഷിപ്പിക്കുന്ന മുൻ മുഖ്യമന്ത്രി കെ. കരുണാകരന്റെ മണ്ഡലമായിരുന്നു. 1982-ൽ കെ. കരുണാകരൻ നേമം മണ്ഡലത്തിൽ വിജയിച്ചപ്പോൾ ബി.ജെ.പി.-ക്ക് ലഭിച്ചത് 1622 വോട്ട് മാത്രമാണ്. 2006-ൽ യു.ഡി.എഫ്.-ന് 60884-ഉം ബി.ജെ.പി.-ക്ക് 6705-ഉം വോട്ടുമാണ് ലഭിച്ചത്. പത്തുവർഷത്തിനുശേഷം യു.ഡി.എഫ്.-ന്റെ വോട്ട് 13860 ആയി ഇടിഞ്ഞപ്പോൾ ബി.ജെ.പി.-യുടെ വോട്ട് 67813 ആയി ഉയരുകയും ചെയ്തു. ബി.ജെ.പി.-യുമായി പരസ്യ വോട്ടുകച്ചവടം നടത്തി നിയമസഭയിൽ അവരുടെ അക്കൗണ്ട് തുറപ്പിച്ചത് നിങ്ങളാണ്. ആ അക്കൗണ്ട് പൂട്ടിക്കുമെന്ന് പ്രഖ്യാപിച്ചത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി, സഖാവ് പിണറായി വിജയനാണ്. 2016-ൽ ബി.ജെ.പി.-ക്ക് യു.ഡി.എഫ്. തുറന്നുകൊടുത്ത അക്കൗണ്ട് 2021-ൽ ഞങ്ങൾ പൂട്ടിക്കുകതന്നെ ചെയ്തു. സ്വന്തം സ്ഥാനാർത്ഥിക്ക് കെട്ടിവച്ച പണംപോലും നഷ്ടപ്പെടുത്തി ബി.ജെ.പി.-യുമായി കൂട്ടുകച്ചവടം നടത്തിയ കോൺഗ്രസ് നേതാക്കളാണ് ജീവൻ നൽകിയും സംഘപരിവാറിനെ പ്രതിരോധിക്കുന്ന ഞങ്ങളെ ആക്ഷേപിക്കുന്നത്. നേമം മണ്ഡലത്തിൽ പത്തുവർഷംകൊണ്ട് യു.ഡി.എഫ്.-ന്റെ 47000 വോട്ടുകൾ അപ്രത്യക്ഷമായത് എങ്ങനെയെന്ന് വിശദീകരിക്കാൻ പ്രതിപക്ഷ നേതാവിനെ ഞങ്ങൾ വെല്ലുവിളിക്കുന്നു. എന്തായിരുന്നു നിങ്ങളുടെ ഡീൽ? സംഘപരിവാറിന് മുന്നിൽ കുനിഞ്ഞുനിന്നതും മുട്ടിലിഴയാൻ തയ്യാറായി നിൽക്കുന്നതും ആരെന്ന് ഈ നാടിനറിയാം. ആർ.എസ്.എസ്. വേദിയിലെത്തി ഗോൾവാൾക്കറുടെയും ആർ.എസ്.എസ്.-ന്റെ ഭാരതാംബയുടെയും ഛായാചിത്രത്തിന് മുമ്പിൽ ഭയഭക്തി ബഹുമാനങ്ങളോടെ നടുവളച്ചുനിന്ന്

ദീപം തെളിയിച്ച ആളാണ് ഞങ്ങൾക്കുമേൽ ബി.ജെ.പി. ബന്ധം ആരോപിച്ച് സ്വയം പരിഹാസ്യനാകുന്നത്. നേമം മണ്ഡലത്തിൽ നിങ്ങളുടെ പതിനായിരക്കണക്കിന് വോട്ടുകൾ ആർ.എസ്.എസ്.-ന് കൈമാറിയപ്പോൾ എൽ.ഡി.എഫ്.-ന്റെ വോട്ടുകൾ ഓരോ തവണയും വർധിക്കുകയാണുണ്ടായത്. 2011-ലും നേമം മണ്ഡലത്തിൽ ബി.ജെ.പി.-ക്ക് വോട്ട് മറിച്ച നൽകി. അന്ന് യു.ഡി.എഫ്.-ന് ലഭിച്ചത് 20000 വോട്ട് മാത്രമാണ്. ബി.ജെ.പി. 43,000-ലേറെ വോട്ട് നേടിയെങ്കിലും സഖാവ് വി. ശിവൻകുട്ടിയെ പരാജയപ്പെടുത്താൻ അന്ന് നിങ്ങളുടെ അവിശുദ്ധ സഖ്യത്തിന് കഴിഞ്ഞില്ല. സംസ്ഥാനത്ത് നേമം മോഡൽ ആവർത്തിക്കാനുള്ള യു.ഡി.എഫ്.-ന്റെ എല്ലാ നീക്കങ്ങളും മതനിരപേക്ഷ കേരളം ചെറുത്ത് തോൽപ്പിക്കുക തന്നെ ചെയ്യും. അധികാരക്കൊതിയിൽ എല്ലാം മറന്ന യു.ഡി.എഫ്. നേതൃത്വം വർഗീയ സംഘടനകൾക്കൊപ്പം ചേർന്ന് മതേതരത്വത്തിനും മാനവ മൈത്രിക്കും നേരെ ഉയർത്തുന്ന അപകടകരമായ വെല്ലുവിളികളെ ജനങ്ങളെ അണിനിരത്തി എൽ.ഡി.എഫ്. പ്രതിരോധിക്കുക തന്നെ ചെയ്യും. തീവ്ര ഹിന്ദുത്വ-മുസ്ലീം തീവ്രവാദ സംഘടനകളുമായി സന്ധി ചെയ്ത് അധികാരം പിടിക്കാമെന്ന യു.ഡി.എഫ്.-ന്റെ വ്യാമോഹം കേരളം പരാജയപ്പെടുത്തുമെന്നതിൽ സംശയം വേണ്ട. പത്തുവർഷമായി നമ്മുടെ സംസ്ഥാനത്ത് വർഗീയ സംഘർഷങ്ങളും കലാപങ്ങളുമില്ല. വർഗീയതയോട് ഒരു വിട്ടുവീഴ്ചക്കും തയ്യാറല്ലെന്ന എൽ.ഡി.എഫ്. സർക്കാരിന്റെ സുദൃഢമായ നിലപാട് തന്നെയാണ് വർഗീയ ക്ഷുദ്രശക്തികളെ അകറ്റി നിർത്തുന്നത്. ആ നിലപാടിൽ ഒരു ചാഞ്ചാട്ടവും ഞങ്ങൾക്കില്ല. പത്തുവർഷമായി അധികാര നഷ്ടത്തിന്റെ വേദന താങ്ങാനാവാതെ അലയുന്ന കോൺഗ്രസും യു.ഡി.എഫ്.-ഉം. ഏതാനും മാധ്യമങ്ങളെ വിലയ്ക്കെടുത്ത് എൽ.ഡി.എഫ്. സർക്കാരിനെതിരെ നെറികെട്ട

അപവാദ പ്രചാരണങ്ങളുടെ കെട്ടഴിച്ചുവിടുകയാണ്. നാടിനെ പിടിച്ച് കുലുക്കുന്ന ആരോപണങ്ങൾ എന്തൊക്കെയായിരുന്നു; അതിന്റെ ഗതിയെന്തായി; അന്ന് യു.ഡി.എഫ്.-ഉം മാധ്യമങ്ങളും നിങ്ങളുടെ  ചങ്ങാതിമാരായ ബി.ജെ.പി.-യുംചേർന്ന് എഴുന്നള്ളിച്ച ആരോപണ കുമ്പാരങ്ങളെവിടെ; സ്വർണ്ണത്തിന്റെ ബിരിയാണി ചെമ്പെവിടെ; സ്വർണ്ണ കുരുവുള്ള ഈന്തപ്പഴവും ഖുറാനിലെ സ്വർണ്ണക്കടത്തും എവിടെ;  ഡാറ്റ വിൽപന എന്ന പേരിൽ നടത്തിയ കോലാഹലത്തിന്റെ കഥയെന്തായി; കാറ്റാടിപ്പാടം ഇപ്പോൾ മിണ്ടാത്തതെന്ത്; 2021-ൽ യു.ഡി.എഫ്.-ന് 100 സീറ്റ് വരെ നൽകിയ മാധ്യമ സർവെക്കാർക്ക് എന്ത് സംഭവിച്ചു? ഏതുവിധേനയും അധികാരത്തിലെത്താൻ നെറികെട്ട പ്രചാരവേലയുമായാണ് പ്രതിപക്ഷം രംഗത്തിറങ്ങിയിരിക്കുന്നത്. 'എൽ.ഡി.എഫ്.-ൽനിന്ന് ഘടക കക്ഷികൾ യു.ഡി.എഫ്.-ലേക്ക്' എന്ന വ്യാജ പെയ്ഡ് ന്യൂസ് സൃഷ്ടിക്കുക, ജനങ്ങളിൽ ആശയക്കുഴപ്പമുണ്ടാക്കുക, എൽ.ഡി.എഫ്. നേതാക്കളെ മുമ്പ് സന്ദർശിച്ചതിന്റെ ചിത്രങ്ങൾ ദുരുപയോഗം ചെയ്ത് അവർ കോൺഗ്രസിലേക്കെന്ന് മാധ്യമങ്ങൾ വഴി പ്രചരിപ്പിക്കുക.

മി. സ്പീക്കർ: യെസ്. പ്ലീസ്...പ്ലീസ്...

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, എനിക്ക് 20 മിനിട്ടുണ്ട്. അതിനുമുമ്പ് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കാം. എത്ര ഹീനമായ പ്രവൃത്തിക്കും യു.ഡി.എഫ്. മടിക്കില്ലെന്നാണ് ഇത് കാണിക്കുന്നത്. എൽ.ഡി.എഫ്. ഒറ്റക്കെട്ടാണ്. ഞങ്ങളുടെ ജനകീയ അടിത്തറ സുദൃഢമാണ്. ഈ വ്യാജ വാർത്താ നിർമ്മാണംകൊണ്ടൊന്നും അതിനൊരു പോറൽപോലും ഏൽപിക്കാനാവില്ല.  അടുത്ത അഞ്ചുവർഷവും സെക്രട്ടേറിയറ്റിന് പുറത്ത് റോഡിൽനിന്ന് ഭരണസിരാ കേന്ദ്രത്തിലേക്ക് എത്തിനോക്കി നെടുവീർപ്പിടാൻ തന്നെയാണ്

കോൺഗ്രസിന്റെയും യു.ഡി.എഫ്.-ന്റെയും വിധി. ഇവരെ എങ്ങനെ ജനങ്ങൾ വിശ്വസിക്കും? സ്ഥാനമാനങ്ങൾ തട്ടിയെടുക്കാൻ സഹപ്രവർത്തകരെ പിന്നിൽനിന്ന് കുത്തുന്നു. അത്തരമൊരു പദ്ധതിയുടെ കഥ മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി അദ്ദേഹത്തിന്റെ ആത്മകഥയായ "കാലം സാക്ഷി"-യിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അധികാരം കിട്ടിയില്ലെങ്കിൽ താൻ വനവാസത്തിന് പോകുമെന്ന് പ്രഖ്യാപിച്ച ഒരു നേതാവിനെ അണികൾ എങ്ങനെ വിശ്വാസത്തിലെടുക്കും; അധികാരലബ്ധി മാത്രമാണോ രാഷ്ട്രീയ പ്രവർത്തകരുടെ ലക്ഷ്യം? ഏതായാലും അദ്ദേഹം കാടുകയറാൻ മുൻകൂട്ടി തയ്യാറെടുപ്പുകൾ നടത്തുന്നത് നന്നായിരിക്കും. വനവാസമനുഷ്ഠിക്കുന്നത് എവിടെയെന്ന് വനം വകുപ്പിനെ നേരത്തെ അറിയിക്കുന്നത് ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കാൻ സഹായകരമായിരിക്കും. വിജ്ഞാനാധിഷ്ഠിത വികസിത നവകേരള സൃഷ്ടിക്കായി ജനങ്ങളെയാകെ ചേർത്തുനിർത്തി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ എൽ.ഡി.എഫ്. മുന്നേറ്റം തുടരുമെന്ന് 2026 തെളിയിക്കും. ആ ജനമുന്നേറ്റത്തിന് തടയിടാൻ ഒരു ശക്തിക്കും കഴിയില്ലെന്ന് കാലം തെളിയിക്കുക തന്നെ ചെയ്യും. (......ബഹളം......)

<u>മി. സ്പീക്കർ</u>: യെസ്.. യെസ്. പ്ലീസ്.. പ്ലീസ്.. ....(ബഹളം).... അവിടെ ഇരിക്കു. ....(ബഹളം).... ചെയറിന് ഒരുകാര്യം പറയാനുണ്ട്. ചെയർ പറയുന്നത് കേൾക്കു. ....(ബഹളം).... പ്ലീസ്.. അവിടെ ഇരിക്കു. ....(ബഹളം).... ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, ചെയറിന്റെ മുഖം മറയ്ക്കുന്നത് ശരിയല്ല. കേരള നിയമസഭയുടെ ചരിത്രത്തിൽ, ഒന്ന് മുതൽ പതിനഞ്ച് വരെയുള്ള നിയമസഭാ സമ്മേളനങ്ങളിൽ പതിനേഴ് നടപടികൾ

നിർത്തിവയ്ക്കാനുള്ള ഉപക്ഷേപങ്ങൾ ചർച്ചയ്ക്കെടുത്തിട്ടുണ്ട്. ഏത് വിഷയവും ചർച്ച ചെയ്യാൻ തയ്യാറുമാണ്. ഒരു നോട്ടീസുപോലും നൽകാതെ ഇങ്ങനെ floor ruckus ആക്കുന്ന രീതി ശരിയല്ല. ....(ബഹളം).... Ever in the history of Kerala Legislative Assembly എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് ഇത് ശരിയായ രീതിയല്ല. ....(ബഹളം).... പ്ലീസ്... പ്ലീസ്.. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, പ്ലീസ്... പ്ലീസ്.. ....(ബഹളം).... ഒരു നോട്ടീസുപോലും നൽകാതെ floor ruckus ആക്കുന്ന രീതി ശരിയല്ല. അതേ പറയുന്നുള്ളൂ. ഇത് ഒരു ഉദാത്തമായ മാതൃകയല്ല. ഇത് പാർലമെന്ററി ഡെമോക്രസിയിൽ പഠിപ്പിക്കേണ്ട മാതൃകയോ അനുകരിക്കേണ്ട മാതൃകയോ അല്ല. അതേ പറയുന്നുള്ളൂ. പതിനേഴ് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപങ്ങൾ ചർച്ചയ്ക്കെടുത്ത സഭയാണ്. പ്ലീസ്... യെസ്... യെസ്... (...ബഹളം....)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, നാളത്തെ സഭ (.......ബഹളം.......)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്തോ പറയുകയാണ്. അദ്ദേഹം പറയുന്നത് കേൾക്കൂ. ശ്രീ. ടി. സിദ്ദിഖ്, (.....ബഹളം.....) ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത് കേൾക്കൂ. (......ബഹളം.....)

ശ്രീ. പിണറായി വിജയൻ: സർ, പ്രതിപക്ഷത്തിന് സഭ നടത്താതിരിക്കലാണ് ആവശ്യമെന്നാണ് തോന്നുന്നത്. എന്തോ പ്രത്യേക ആവശ്യം അവർക്കുണ്ടെന്നാണ് തോന്നുന്നത്. അതുകൊണ്ട് നാളത്തെ നിയമസഭാ സമ്മേളനം ഒഴിവാക്കി ചൊവ്വാഴ്ച ചേരുന്നതായിരിക്കും നല്ലത്.

മി. സ്പീക്കർ: ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്മേലുള്ള ചർച്ച 27-01-2026 ചൊവ്വാഴ്ച തുടരുന്നതാണ്.

ഓർഡർ...ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും ജനുവരി 27-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2026 ജനുവരി മാസം 27-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ രാവിലെ 09.59-ന് പിരിഞ്ഞു.)

************

**അനുബന്ധം I**

**ശ്രദ്ധക്ഷണിക്കൽ**

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പരിഷ്കരണത്തിലെ അപാകതകൾ സംബന്ധിച്ച് ശ്രീ. സി. കെ. ഹരീന്ദ്രൻ എം.എൽ.എ.-യുടെ ശ്രദ്ധക്ഷണിക്കലിന് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച വിശദമായ മറുപടി

അവിദഗ്ധ കായിക തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ള ഗ്രാമീണ കുടുംബങ്ങൾക്ക് ഒരു സാമ്പത്തിക വർഷം 100 തൊഴിൽദിനങ്ങൾ നിയമപരമായി ഉറപ്പുനൽകുന്ന ആവശ്യാധിഷ്ഠിത പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. 2005-ലെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം മുഖേന പ്രാബല്യത്തിൽവന്ന പ്രസ്തുത പദ്ധതി കേരളത്തിൽ ആരംഭിച്ചത് 2006-ലാണ്. ഭരണഘടനയുടെ 41-ാം അനുച്ഛേദപ്രകാരം അവകാശധിഷ്ഠിതമായി തൊഴിൽ നൽകുന്നതിനുള്ള വ്യവസ്ഥകൾ ഉണ്ടാക്കേണ്ടതുണ്ട്. ഭരണഘടനാ നിർദേശം പാലിക്കുന്നതിനും ഗ്രാമീണ മേഖലയിലെ ദാരിദ്ര്യത്തിന് പരിഹാരമുണ്ടാക്കുന്നതിനുംവേണ്ടി

ഇടതുപക്ഷത്തിന്റെ പിന്തുണയോടെ പ്രവർത്തിച്ച യു.പി.എ. സർക്കാരാണ് 2005-ൽ തൊഴിലുറപ്പ് നിയമം കൊണ്ടുവന്നത്. തുടർന്ന് 2009-ൽ നിയമത്തിന്റെ പേര് 'മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം' എന്ന് മാറ്റുകയുണ്ടായി.

ഒരു ആവശ്യാധിഷ്ഠിത പദ്ധതി എന്ന നിലയിൽ എത്ര തൊഴിൽ ആവശ്യകതയുണ്ടോ അത്രയും തൊഴിൽ തൊഴിലാളികളുടെ അവകാശങ്ങളും സ്വാഭിമാനവും ഉയർത്തിപ്പിടിച്ചുകൊണ്ട് സംസ്ഥാനങ്ങൾക്ക് നടപ്പാക്കാൻ പറ്റുന്ന ഒരു കേന്ദ്ര പദ്ധതിയാണിത്. നിശ്ചിത സമയത്തിനകം തൊഴിൽ നൽകിയില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം, വേതനം താമസിച്ചാലുള്ള നഷ്ടപരിഹാരം, തൊഴിൽ സ്ഥലത്തുവച്ചുണ്ടാകുന്ന അപകടങ്ങൾക്കുള്ള ചികിത്സാ സഹായം, ഓംബുഡ്സ്മാൻ ഉൾപ്പെടെയുള്ള പരാതി പരിഹാര സംവിധാനങ്ങൾ, സോഷ്യൽ ഓഡിറ്റ് തുടങ്ങി തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള വിവിധ വ്യവസ്ഥകൾ എന്നിവ തൊഴിലുറപ്പ് നിയമത്തിന്റെ സവിശേഷതയായിരുന്നു.

നിയമപ്രകാരം വിഹിത നിയന്ത്രണമില്ലാത്ത ഈ പദ്ധതി മികച്ച രീതിയിൽ നടപ്പാക്കിയ സംസ്ഥാനമാണ് കേരളം. സംസ്ഥാനത്ത് നിലവിൽ 40.44 ലക്ഷം കുടുംബങ്ങളിലായി 59.41 ലക്ഷം തൊഴിലാളികളാണ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളത്. ഇതിൽ 19.4 ലക്ഷം കുടുംബങ്ങളിലായി 22.63 ലക്ഷം തൊഴിലാളികൾ പദ്ധതിയിൽ സജീവമാണ്. ഇതിൽ 16.91 ശതമാനം പട്ടികജാതി വിഭാഗക്കാരും 5.72 ശതമാനം പട്ടികവർഗ വിഭാഗക്കാരുമാണ്.

2021-22 മുതൽ 2024-25 വരെ വർഷങ്ങളിൽ 10, 9.5, 10.5, 6 കോടി വീതം തൊഴിൽ ദിനങ്ങൾ അന്തിമമായി അനുവദിക്കപ്പെട്ടതിൽ യഥാക്രമം 10.5966, 9.5501, 9.796, 8.9515 വീതം തൊഴിൽദിനങ്ങൾ സംസ്ഥാനം നൽകുകയുണ്ടായി. 2024-25-ൽ ദേശീയ ശരാശരി 50.23 തൊഴിൽദിനങ്ങളായിരിക്കെ സംസ്ഥാനം 66.17 ശരാശരി തൊഴിൽദിനങ്ങൾ നൽകി. 13.72 ലക്ഷം കുടുംബങ്ങളിലായി 15.4 ലക്ഷം തൊഴിലാളികൾ ജോലി ചെയ്യുകയും അതിൽ 519619 കുടുംബങ്ങൾക്ക് 100 ദിവസത്തെ തൊഴിൽ നൽകുകയുമുണ്ടായി. ഇതുൾപ്പെടെ ഏറ്റവും കൂടുതൽ കുടുംബങ്ങൾക്ക് 100 ദിവസം തൊഴിൽ നൽകാൻ കഴിഞ്ഞ സംസ്ഥാനം, പട്ടികജാതി -പട്ടികവർഗ കുടുംബങ്ങൾക്ക് നൽകിയ തൊഴിൽദിനങ്ങൾ എന്നിങ്ങനെ ഏറെ ഘടകങ്ങളിൽ ദേശീയ തലത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങളിൽ എത്തിയ സംസ്ഥാനം, 100 ശതമാനം സോഷ്യൽ ഓഡിറ്റ് നടപ്പാക്കുകയും എല്ലാ ജില്ലകളിലും ഓംബുഡ്സ്മാന്മാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

തൊഴിലാളികളെ പിന്തുണക്കുന്നതും ചേർത്തുപിടിക്കുന്നതുമായ പല പ്രവർത്തനങ്ങളും നമ്മുടെ സംസ്ഥാനം സ്വയം ഏറ്റെടുത്ത് നടപ്പിലാക്കി മാതൃകയായിട്ടുണ്ട്. പട്ടികവർഗ കുടുംബങ്ങൾക്ക് നൽകിയ അധിക 100 ദിവസ തൊഴിൽ നൽകുന്നതിനുള്ള ട്രൈബൽ പ്ലസ് പദ്ധതി നടപ്പാക്കുകയും തൊട്ട് മുൻവർഷം 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കുന്ന കുടുംബങ്ങൾക്ക് ഉത്സവബത്തയായി 1,200 രൂപ നൽകുകയും ചെയ്തു. നഗര മേഖലയിൽ സംസ്ഥാന ബജറ്റിൽ തുക വകയിരുത്തി അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുകയും പ്രസ്തുത തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തി തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി രൂപപ്പെടുത്തുകയും ചെയ്തു.

ഈ സാഹചര്യത്തിലും 2024-25, 2025-26 വർഷങ്ങളിൽ സംസ്ഥാനത്തിന്റെ തൊഴിൽദിന ആവശ്യകതയുടെ പകുതിപോലും കേന്ദ്രം ആദ്യഘട്ടത്തിൽ അനുവദിച്ച് നൽകിയിരുന്നില്ല. 2025-26-ൽ ആദ്യം അനുവദിച്ചത് അഞ്ച് കോടി തൊഴിൽദിനങ്ങൾ മാത്രമായിരുന്നു. നിരന്തര ആവശ്യത്തിന്റെ ഭാഗമായി, നിലവിലെ നിയമപ്രകാരം തൊഴിലുറപ്പ് പദ്ധതി ഒരു Demand Driven പദ്ധതിയായതിനാലും തുക നൽകാൻ കേന്ദ്രം ബാധ്യസ്ഥമായതിനാലും ഇപ്പോൾ അത് ഒൻപത് കോടി തൊഴിൽദിനങ്ങളായി വർധിപ്പിച്ചിട്ടുണ്ട്. ഈ വർഷം നാളിതുവരെ 13.41 ലക്ഷം തൊഴിലാളികൾ ജോലി ചെയ്യുകയും 109612 കുടുംബങ്ങൾക്ക് 100 ദിവസം തൊഴിൽ നൽകുകയും 6.2345 കോടി തൊഴിൽദിനങ്ങൾ സൃഷ്ടിക്കുകയും 2692.226 കോടി രൂപ സംസ്ഥാനത്ത് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ അതേസമയം പല വിധത്തിൽ നിലവിലുള്ള പദ്ധതിയെ ദുർബലമാക്കിക്കൊണ്ടിരുന്ന കേന്ദ്രം, വേതന ഇനത്തിൽ 652.06 കോടി രൂപയും സാധന സാമഗ്രി ഇനത്തിൽ 253.94 കോടി രൂപയും ഭരണ ചെലവ് ഇനത്തിൽ 95 കോടി രൂപയും കുടിശ്ശിക വരുത്തിയിരിക്കുകയാണ്. പുതിയ നിയമം പേര് മാറ്റം മാത്രമാണെന്നാണ് ചിലരെങ്കിലും കരുതുന്നത്. എന്നാൽ ഉത്തരവാദിത്വത്തിൽനിന്നും പിൻവാങ്ങിക്കൊണ്ട് തൊഴിലുറപ്പ് പദ്ധതിയുടെതന്നെ കഥ കഴിക്കുന്ന നടപടിയാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുള്ളത്. തൊഴിൽ ദിനങ്ങളുടെ എണ്ണം 100-ൽനിന്നും 125 ആയി ഉയർത്തി എന്നാണ് അവകാശപ്പെടുന്നതെങ്കിലും കേന്ദ്രം നിശ്ചയിക്കുന്ന വിഹിതത്തിന്റെ (Normative allocation) 40 ശതമാനം സംസ്ഥാന സർക്കാർ വഹിക്കേണ്ടതുണ്ട്. നിലവിലെ നിയമപ്രകാരം അംഗീകരിക്കപ്പെട്ട ലേബർ ബജറ്റിലെ തൊഴിൽദിനങ്ങൾക്ക് ഉപരിയായുള്ള

തൊഴിൽദിനങ്ങൾ പ്രദാനം ചെയ്യുന്നതിൽ സംസ്ഥാനങ്ങൾക്ക് നിയന്ത്രണമുണ്ടായിരുന്നില്ല. എന്നാൽ ഇനി മുതൽ കേന്ദ്രം നിശ്ചയിക്കുന്ന തുകയുടെ 40 ശതമാനം വഹിക്കണമെന്നത് കൂടാതെ അധികം ചെയ്യുന്ന തൊഴിൽദിനങ്ങളുടെ പൂർണ്ണ ബാധ്യതയും സംസ്ഥാന സർക്കാരുകൾക്കാണ്. കൂടാതെ വകുപ്പ് 22(8) പ്രകാരം കൃത്യസമയത്ത് തൊഴിൽ നൽകാനായില്ലെങ്കിൽ തൊഴിലില്ലായ്മ വേതനവും കൂലി നൽകാനായില്ലെങ്കിൽ ആയതിന്റെ നഷ്ടപരിഹാരവും പൂർണ്ണമായും സംസ്ഥാനം വഹിക്കണം. പദ്ധതിതന്നെ ഇല്ലാതാക്കുന്ന നടപടിയാണ് നിലവിലെ നിയമം റദ്ദാക്കി പുതിയ നിയമം കൊണ്ടുവന്നതിലൂടെ കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

ഈ വർഷം നൽകിയതുപോലെ കേന്ദ്രം അഞ്ച് കോടി തൊഴിൽദിനങ്ങളാണ് നിശ്ചയിച്ച് നൽകുന്നതെന്ന് കണക്കാക്കിയാൽ പുതിയ നിയമത്തിലെ വ്യവസ്ഥകൾപ്രകാരം നിലവിലെ വേതന നിരക്കിൽ 961 കോടി രൂപയുടെയും തൊഴിൽദിനങ്ങൾ 125 ആയി ഉയർത്തിയെന്നവകാശപ്പെടുന്ന സാഹചര്യത്തിൽ അതനുസരിച്ച് 12 കോടി തൊഴിൽദിനങ്ങൾ നൽകേണ്ടി വരികയാണെങ്കിൽ (അഞ്ച് കോടിക്ക് മുകളിൽ വരുന്നതിന്റെ 100 ശതമാനം ബാധ്യത ഉൾപ്പെടെ) 3544 കോടി രൂപയുടെയും അധിക ബാധ്യത സംസ്ഥാനത്തിനുണ്ടാകും. സംസ്ഥാനം 10 കോടി തൊഴിൽദിനങ്ങളാണ് സൃഷ്ടിക്കുന്നതെങ്കിൽ 2,806 കോടി രൂപയുടെ അധിക ബാധ്യതയുണ്ടാകും. ഇതുകൂടാതെ വകുപ്പ് 4(4) പ്രകാരം ഗ്രാമപഞ്ചായത്തുകളെ A, B, C എന്നിങ്ങനെ വർഗ്ഗീകരിക്കാനും വകുപ്പ് 5(1) പ്രകാരം കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്യുന്ന ഗ്രാമീണ മേഖലകളിൽ മാത്രമാണ് 125 ദിവസത്തെ തൊഴിലുറപ്പുണ്ടാവുകയെന്നും പുതിയ നിയമത്തിൽ വ്യവസ്ഥയുണ്ട്. ഇതുപ്രകാരം കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്യാത്ത

ഗ്രാമീണ മേഖലകളിൽ തൊഴിൽ നൽകുന്നപക്ഷം ആയതിന്റെ പൂർണ്ണ ബാധ്യതയും സംസ്ഥാനം വഹിക്കേണ്ടിവരും.

അടുത്ത സാമ്പത്തികവർഷത്തേക്കുള്ള ലേബർ ബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ പുരോഗതിയിലാണ്. മഹാത്മാഗാന്ധിയുടെ പേര് ഒഴിവാക്കുക മാത്രമല്ല നിലവിലെ നിയമത്തിന്റെ അന്തഃസത്ത തകർത്തുകൊണ്ട് സംസ്ഥാനങ്ങളുടെ മേൽ കടുത്ത സാമ്പത്തിക ബാധ്യത അടിച്ചേൽപ്പിക്കുന്ന പുതിയ നിയമം ഏറെ പ്രതിഷേധാർഹമാണ്. പ്രതിപക്ഷത്തിന്റെകൂടി സഹകരണത്തോടെ സംസ്ഥാനത്തിന്റെയാകെ വികാരവും പ്രതിഷേധവും സഭയുടെ ഏകകണ്ഠമായ പ്രമേയമായി കേന്ദ്രസർക്കാരിനെ അറിയിക്കാനാണ് സർക്കാർ ആഗ്രഹിച്ചത്.

## അനുബന്ധം II

സബ്മിഷൻ

### (1) എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ സ്കൂൾ ബസ്സുകൾ വാങ്ങുന്നതിന് ഫണ്ട് സംബന്ധിച്ച ശ്രീ. ഇ. ചന്ദ്രശേഖരൻ എം.എൽ.എ.-യുടെ സബ്മിഷന് ധനകാര്യ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച വിശദമായ മറുപടി

സ്കൂൾ വിദ്യാർഥികളുടെ യാത്രാ സൗകര്യത്തിന് അനുവദിച്ച ബസ്സുകൾ സംബന്ധിച്ച വിശദാംശങ്ങൾ

| 2023-24, 2024-25 വർഷങ്ങളിൽ എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി സ്കൂളുകൾക്കായി അനുവദിച്ച ബസ്സുകളുടെ എണ്ണം | |
|---|---|
| 2023-24 വർഷം അനുവദിച്ച ബസ്സുകളുടെ എണ്ണം | 2024-25 വർഷം അനുവദിച്ച ബസ്സുകളുടെ എണ്ണം |
| 73 | 47 |

നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി 04-08-2018-ലെ സ.ഉ. (അച്ചടി)നം.119/2018/ധന. പ്രകാരം സർക്കാർ വിദ്യാലയങ്ങളിൽ/കോളേജുകളിൽ വിദ്യാർഥികളുടെ യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിനായി ബസ് വാങ്ങൽ അനുവദനീയമാണ്. നിയോജകമണ്ഡല ആസ്തി വികസന പദ്ധതി വിനിയോഗിച്ച് സ്കൂളുകൾക്ക്/സർക്കാർ സ്ഥാപനങ്ങൾക്ക് വാഹനം വാങ്ങുന്നതിന്, ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ശിപാർശപ്രകാരം ബന്ധപ്പെട്ട ജില്ലാ കളക്ടർ ഭരണാനുമതി പുറപ്പെടുവിച്ച് പ്രവൃത്തിയുടെ നിർവഹണോദ്യോഗസ്ഥന് ലഭ്യമാക്കുന്ന മുറയ്ക്ക്, നിർവഹണ ഉദ്യോഗസ്ഥൻ വാഹനം വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് വാഹനം വാങ്ങുന്ന മുറയ്ക്ക് വാഹന നിർമ്മാതാവ്/ഡീലറിൽനിന്നും ലഭ്യമാകുന്ന Invoice/ബിൽ പ്രകാരം വാഹനത്തിന്റെ വിലയും നികുതികളും ഉൾപ്പെടെ ബന്ധപ്പെട്ട വാഹന നിർമ്മാതാവിന്/ഡീലർക്ക് അനുവദിച്ച് നൽകുകയാണ് ചെയ്തുവന്നിരുന്നത്. എന്നാൽ വാഹന ഡീലർമാർ അഡ്വാൻസായി പണം നിക്ഷേപിക്കാതെ വാഹനം ലഭ്യമാകാത്ത സാഹചര്യം വന്നതിനാൽ വാഹനം ലഭ്യമാകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി വാഹന ഡീലർമാർ മുൻകൂർ തുക ആവശ്യപ്പെടുകയാണെങ്കിൽ നിലവിലെ ചട്ടങ്ങളും നടപടിക്രമങ്ങളും പാലിച്ച് ആകെ അഡ്വാൻസ് തുക ഭരണാനുമതി തുകയിൽ അധികരിക്കുന്നില്ലെന്ന് ഉറപ്പുവരുത്തി മുൻകൂറായി തുക ബന്ധപ്പെട്ട വാഹന നിർമ്മാതാവിന്/ഡീലർക്ക് അനുവദിക്കുന്നതിന് controlling/implementing officer-ക്ക് 05-03-2025-ലെ സർക്കുലർ നം.19/2025/ധന പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

2023-24 സാമ്പത്തിക വർഷത്തിൽ എം.എൽ.എ.-എൽ.എ.സി.- എ.ഡി.എസ്. മുഖാന്തരം സർക്കാർ സ്കൂളുകളിൽ വാഹനം വാങ്ങുന്നത് സംബന്ധിച്ച ശീർഷകമായ '4202-01-800-84-Projects under LAC ADS Other Projects-NP'-ൽ പത്ത് കോടി രൂപ വകയിരുത്തിയിരുന്നു. ആയതിൽ 6,99,37,886 രൂപ ചെലവഴിച്ചിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ ടി ശീർഷകത്തിൽ വകയിരുത്തി നൽകിയ പത്ത് കോടി രൂപയും അധിക തുകയായി അനുവദിച്ച 4,78,61,000 രൂപയും ഉൾപ്പെടെ ആകെ തുകയായ 14,78,61,000 രൂപയിൽനിന്നും 12,28,17,328 രൂപ ചെലവഴിച്ചിട്ടുണ്ട്.

നടപ്പുസാമ്പത്തികവർഷം (2025-26) ബജറ്റ് വിഹിതമായി പത്ത് കോടി രൂപ അനുവദിച്ചിരുന്നു. പ്രസ്തുത തുക പൂർണ്ണമായും വിനിയോഗിച്ചതിന്റെ അടിസ്ഥാനത്തിൽ 12-11-2025-ലെ G.O.(Rt) No.9176/2025/Fin പ്രകാരം 6,95,73,000 (ആറ് കോടി തൊണ്ണൂറ്റി അഞ്ച് ലക്ഷത്തി എഴുപത്തിമൂവായിരം രൂപ മാത്രം) രൂപ അധിക ധനാനുമതിയായി അനുവദിച്ചിട്ടുണ്ട്. ആകെ അനുവദിച്ച 16,95,73,000 തുകയിൽ, 16,82,36,235 രൂപ നാളിതുവരെ അതത് ഡി.ഡി.ഇ.-മാർക്ക് അലോട്ട്മെന്റായി നൽകിയിട്ടുണ്ട്. കൂടാതെ 2024-25 വരെ ഭരണാനുമതി നൽകിയതും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വാഹനം വാങ്ങുന്നതിന് പുറപ്പെടുവിച്ചതുമായ ഭരണാനുമതിയുടെ കാലാവധി 31-03-2026 വരെ പൊതുവായി ദീർഘിപ്പിച്ചുകൊണ്ട് 30-10-2025-ലെ സ.ഉ.(സാധാ)നം.8707/2025/ധന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽനിന്നും വാഹനം വാങ്ങുന്ന ബില്ലുകൾക്ക് കാലതാമസം കൂടാതെ പേമെന്റ് നൽകുന്നതിനായി ബിൽ ഡിസ്കൗണ്ടിങ്

സംവിധാനത്തിൽനിന്നും ഒഴിവാക്കി നൽകുന്നതിനും നിർദേശം നൽകിയിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം ഈ ആവശ്യത്തിലേക്കായി അധിക തുക ഇനിയും ആവശ്യമുണ്ടെന്ന് വിദ്യാഭ്യാസ വകുപ്പ് അറിയിക്കുന്ന മുറയ്ക്ക് അധിക തുക അനുവദിക്കുന്നതാണ്. 2026-27 സാമ്പത്തിക വർഷത്തിൽ '4202-01-800-84-Projects under LAC ADS Other Projects-NP' ശീർഷകത്തിലെ ബജറ്റ് വിഹിതം ഉയർത്തുന്ന വിഷയം ധനകാര്യ വകുപ്പ് പരിശോധിക്കുന്നതാണ്. വിദ്യാർഥികളുടെ യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിന് ബഹുമാനപ്പെട്ട എം.എൽ.എ.-മാർ ശിപാർശ ചെയ്യുന്ന വാഹനം വാങ്ങി നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനാവശ്യമായ എല്ലാ നടപടികളും ധനകാര്യ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

(2) ചാലക്കുടി റിവർ ഡൈവേർഷൻ പദ്ധതിയിലെ പ്രതിസന്ധി സംബന്ധിച്ച് ശ്രീ. കെ. കെ. രാമചന്ദ്രൻ, എം.എൽ.എ.-യുടെ സബ്മിഷന് വൈദ്യുതി വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി

ജലസേചന വിഭാഗത്തിന്റെ അധീനതയിലുള്ള കണക്കാങ്കടവ് ആർ.സി.ബി. ഷട്ടർ തകരാറിലായതിനെ തുടർന്ന് താൽക്കാലിക ബണ്ട് നിർമ്മിച്ചതിനാൽ പൊരിങ്ങൽകുത്ത് പവർ ഹൗസിൽനിന്നുള്ള ജലവിതരണം കുറയ്ക്കണമെന്ന് ആലുവ അഡീഷണൽ ഇറിഗേഷൻ സബ്ഡിവിഷനിൽനിന്ന് അപേക്ഷ ലഭിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പൊരിങ്ങൽകുത്തിലെ വൈദ്യുതോൽപാദനം കെ.എസ്.ഇ.ബി.എൽ. നിയന്ത്രിച്ചു. തുടർന്ന്, 05-01-2026-ന് കണക്കാങ്കടവിലെ താൽക്കാലിക ബണ്ട് തകർന്നതിനെത്തുടർന്ന്, പൊരിങ്ങൽകുത്തിലെ വൈദ്യുതോൽപാദനം ഏറ്റവും കുറഞ്ഞ നിലയിൽ നിയന്ത്രിക്കണമെന്ന ആവശ്യം ജലസേചന വിഭാഗത്തിൽനിന്നും വീണ്ടും ലഭിച്ചു. എന്നാൽ, അത്യാവശ്യമായ

ജലസേചനവും കുടിവെള്ള ആവശ്യങ്ങളും പരിഗണിച്ചും ഇടമലയാർ ഇറിഗേഷൻ പ്രോജക്ട് ഡിവിഷൻ, ചാലക്കുടിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിലും എറണാകുളം ജില്ലാ ദുരന്തനിവാരണ അതോറിറ്റി 08-01-2026-ന് വീണ്ടും യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ കണക്കാങ്കടവിലെ താൽക്കാലിക ബണ്ട് വീണ്ടും തകരുന്നത് ഒഴിവാക്കുന്നതിനായി ദിവസേന പരമാവധി ഒരു TMC ജലം ഏകീകൃതമായി ഒഴുക്കണമെന്ന് തീരുമാനിച്ചു. അതനുസരിച്ച് അന്നുമുതൽ ദിവസേന ഒരു TMC ജലവിതരണം നിലനിർത്തിവരുന്നു. ഇതിനോട് അനുബന്ധമായി കേരള ഷോളയാർ റിസർവോയറിലെ നിലവിലെ ജലസംഭരണനിലയും 30-06-2026 വരെ സാധ്യമായ ജലവിതരണ വിശദാംശങ്ങളും ശ്രദ്ധയിൽപ്പെടുത്തുന്നു.

01-07-2025 മുതൽ 21-01-2026 വരെ 153.78 MU വൈദ്യുതി ഷോളയാർ പവർ ഹൗസിൽ ഉൽപാദിപ്പിച്ചിട്ടുണ്ട്. പുതുക്കിയ പവർ ഹൗസ് കോൺസ്റ്റന്റ് പ്രകാരം നിലവിൽ 6.68 TMC ജലം വൈദ്യുത ഉൽപാദനത്തിനായി ഉപയോഗിച്ചിട്ടുണ്ട്. 21-01-2026-ൽ കേരള ഷോളയാർ ജലസംഭരണിയിൽ 4.369 TMC (ലൈവ്) സ്റ്റോറേജുണ്ട്. കരാർപ്രകാരം നിലനിർത്തേണ്ടതായ പരമാവധി ജലനിരപ്പായ +2663 അടിയിൽ കേരള ഷോളയാർ റിസർവോയറിലെ ജലനിരപ്പ് ഫെബ്രുവരി ഒന്നിന് എത്തിക്കേണ്ടതുമുണ്ട്. ഇതുപ്രകാരം നിലവിൽ 1.25 TMC ജലം കൂടി തമിഴ്നാട് ഷോളയാറിൽനിന്നും കേരള ഷോളയാറിലേക്ക് ലഭിക്കേണ്ടതുണ്ട്. ഇപ്രകാരം ജലം ലഭ്യമാകുകയും ഇറിഗേഷൻ വകുപ്പ് ജലം ഒഴുക്കുന്നതിനുള്ള നിയന്ത്രണം ഒഴിവാക്കുകയും ചെയ്യുന്ന മുറയ്ക്ക് പ്രതിദിനം 1.2 MCM മുതൽ 1.3

MCM വരെ ജലം ഒഴുക്കുവാൻ സാധിക്കുകയും അതിലൂടെ ചാലക്കുടി നദിയുടെ താഴ്ന്ന ഭാഗത്തിലെ ജലലഭ്യതയിൽ ഗണ്യമായ വർധനവുണ്ടാക്കുവാൻ സാധിക്കുന്നതാണ്.

പറമ്പിക്കുളം ആളിയാർ പദ്ധതി കരാർപ്രകാരം ഒരു ജല വർഷത്തിൽ 12.3 TMC ജലം കേരളത്തിന് ഉറപ്പുവരുത്തേണ്ടതുണ്ട്. കരാർപ്രകാരം അർഹതപ്പെട്ടതിൽ കൂടുതൽ ജലം തമിഴ്നാട് കൊണ്ടുപോകുന്നു. നമുക്ക് അർഹതപ്പെട്ട ജലം ലഭ്യമാക്കുന്നതിൽ തമിഴ്നാട് പലപ്പോഴും വീഴ്ച വരുത്തുന്നുണ്ട്. മുകളിൽ വിശദീകരിച്ച സാഹചര്യങ്ങളിൽ, 01-02-2026-ന് കേരള ഷോളയാർ റിസർവോയറിൽ പൂർണ്ണ സംഭരണനിരപ്പ് (FRL) കൈവരിക്കുന്നതിനായി തമിഴ്നാട് ജലം ഒഴുക്കുന്നത് ഉറപ്പാക്കുന്നതിന് രണ്ട് സംസ്ഥാനങ്ങളും ഉൾക്കൊള്ളുന്ന Joint Water Regulatory Board (JWRB) മീറ്റിങ് വിളിച്ചുചേർത്ത് അന്തിമതീരുമാനം കൈക്കൊള്ളുവാൻ അഭ്യർഥിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്മേലുള്ള നടപടി ത്വരിതപ്പെടുത്തുന്നതും പീക്ക് സമയത്തെ വൈദ്യുതി ആവശ്യങ്ങൾ നിറവേറ്റുന്നതിനോടൊപ്പം പരമാവധി സാധ്യമായ രീതിയിൽ കുടിവെള്ളവും ജലസേചന ആവശ്യങ്ങളും നിറവേറ്റുന്നതിനായി ലഭ്യമായ ജലം ഏകീകൃതമായി താഴേക്ക് ഒഴുക്കി വിടാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

### (3) എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി നിയമനം സംബന്ധിച്ച് ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി

1995-ലെ Persons with Disabilities Act സെക്ഷൻ 33 പ്രകാരം കാഴ്ചപരിമിതർ, ശ്രവണപരിമിതർ, ചലനശേഷി പരിമിതർ, സെറിബ്രൽ പാൾസി എന്നീ വിഭാഗങ്ങളിലായി 3% ഭിന്നശേഷി സംവരണം പാലിച്ച് എല്ലാ എസ്റ്റാബ്ലിഷ്മെന്റുകളും നിയമനം നൽകേണ്ടതുണ്ട്.

തുടർന്ന് പുറപ്പെടുവിക്കപ്പെട്ട RPWD Act 2016-ലെ സെക്ഷൻ 34(1) പ്രകാരം ഓരോ ഗ്രൂപ്പ് ഓഫ് തസ്തികകളുടെയും കേഡർ സ്ട്രെങ്ങ്തിന്റെ ആകെയുള്ള ഒഴിവുകളിൽ 4 ശതമാനത്തിൽ കുറയാത്ത ഒഴിവുകളിൽ ഭിന്നശേഷിക്കാർക്ക് സംവരണം നൽകി നിയമനം നടത്തേണ്ടതുണ്ട്. ടി ആക്ടിലെ നിർദേശങ്ങൾ അനുസരിച്ച് സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ ഭിന്നശേഷി വിഭാഗക്കാർക്ക് 15-02-1996 മുതൽ 3 ശതമാനവും തുടർന്ന് 19-04-2017 മുതൽ 4 ശതമാനവും സംവരണം നൽകി പി.എസ്.സി. വഴി നിയമനം നടത്തിവന്നു.

2. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിന്റെയും സുപ്രീംകോടതി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെയും അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി വിഭാഗത്തിലുള്ളവരെ നിയമിക്കുന്നത് സംബന്ധിച്ചും മറ്റു ജീവനക്കാരുടെ നിയമന അംഗീകാരം സംബന്ധിച്ചും സർക്കാർ തുടർ മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചുപോരുന്നത്.

3. സംസ്ഥാനത്തെ ഓരോ എയ്ഡഡ് സ്കൂളിലും ഭിന്നശേഷി നിയമനം പൂർണമായും പാലിക്കപ്പെടുന്നതുവരെ 18-11-2018-നും 08-11-2021-നും ഇടയിലെ ഒഴിവുകളിൽ നിയമിക്കപ്പെട്ട ജീവനക്കാർക്ക് ശമ്പള സ്കെയിലിൽ പ്രൊവിഷണലായും 08-11-2021-ന് ശേഷമുണ്ടായ ഒഴിവുകളിൽ നിയമിക്കപ്പെട്ടവർക്ക് ദിവസ വേതനാടിസ്ഥാനത്തിലും നിയമനം നൽകുന്നതിനുമാണ് കോടതി നിർദേശിച്ചത്. മേൽ സൂചിപ്പിച്ച കോടതി ഉത്തരവുകൾക്കനുസൃതമായി മാത്രമേ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളൂ.

4. ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ഹൈക്കോടതി നിർദേശങ്ങൾ പ്രകാരം പ്രൊവിഷണൽ/ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ച ജീവനക്കാർക്ക് ചട്ടപ്രകാരം

സാധ്യമായ എല്ലാ ആനുകൂല്യങ്ങളും (പെൻ നമ്പർ, ലീവ്, ഗ്രൂപ്പ് ഇൻഷ്വറൻസ്, P.F, സ്ഥാനക്കയറ്റം) നൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

5. ഭിന്നശേഷി വിഭാഗത്തിലുള്ളവർ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് പ്രൊവിഷണൽ/ദിവസ വേതന അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള മറ്റ് ജീവനക്കാർക്ക് അവരുടെ നിയമന തീയതി മുതൽ തന്നെ ക്രമീകരണം നടത്തുന്നതിന് നിലവിൽ തടസ്സങ്ങളൊന്നുമില്ല.

6. നായർ സർവീസ് സൊസൈറ്റി ഫയൽ ചെയ്ത ഹർജിയിൽ സുപ്രീംകോടതി 04-03-2025-ൽ പുറപ്പെടുവിച്ച ഉത്തരവുപ്രകാരം നായർ സർവീസ് സൊസൈറ്റിയുടെ കീഴിലുള്ള സ്കൂളുകളിൽ ഭിന്നശേഷി നിയമനത്തിന് മാറ്റിവെച്ചിട്ടുള്ള തസ്തികകൾ ഒഴികെ മറ്റ് ഒഴിവുകളിൽ റെഗുലർ സ്ഥിര നിയമനം നടത്തുവാൻ അനുമതി നൽകുകയും അപ്രകാരം നിയമിതരായവരുടെ സേവന കാലം ആവശ്യമായ നടപടികൾ പൂർത്തീകരിച്ചതിനുശേഷം ക്രമീകരിക്കാനും നിർദേശം നൽകുകയുണ്ടായി. പ്രസ്തുത ഉത്തരവിൽ നായർ സർവീസ് സൊസൈറ്റിയും മറ്റ് മാനേജ്മെന്റുകളും അവരുടെ കീഴിലുള്ള സ്കൂളുകളിലെ ഭിന്നശേഷി വിഭാഗത്തിലുള്ളവരുടെ നിയമന നടപടികൾ ത്വരിതപ്പെടുത്താനും കോടതി പ്രത്യേകം നിർദേശം നൽകിയിട്ടുണ്ട്. തദനുസരണം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

7. മേൽ വിധിന്യായം നായർ സർവീസ് സൊസൈറ്റി മാനേജ്മെന്റിന്റെ കീഴിലുള്ള എയ്ഡഡ് സ്കൂളുകൾക്ക് മാത്രമാണ് ബാധകമെന്നാണ് സർക്കാരിന് അഡ്വക്കേറ്റ് ജനറലിൽനിന്ന് ലഭിച്ച നിയമോപദേശം. എന്നാൽ ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ബഹു. നിയമ വകുപ്പുമന്ത്രിയും അഡ്വക്കേറ്റ് ജനറലും നിയമ വകുപ്പ് സെക്രട്ടറിയും പങ്കെടുത്ത 13-10-2025-ലെ യോഗ തീരുമാനപ്രകാരം എൻ.എസ്.എസ്. കേസിലെ വിധിന്യായം മറ്റ് എയ്ഡഡ് സ്കൂൾ മാനേജ്മെന്റുകൾക്കും ബാധകമാക്കുന്നതിന് സുപ്രീംകോടതിയുടെ അനുമതി തേടുന്നതിന് SLP(C) 9566/2023 നമ്പർ കേസിൽ സർക്കാർ അഫിഡവിറ്റ് ഫയൽ ചെയ്തിട്ടുണ്ട്.

8. ഇതിന്റെ അടിസ്ഥാനത്തിൽ കോടതി 17-11-2025-ൽ ഹർജി പരിഗണിക്കുകയും സർവീസ് നടപടികൾ പൂർത്തിയാക്കിയതിനുശേഷം വീണ്ടും പരിഗണിക്കുന്നതിന് ഉത്തരവാകുകയും ചെയ്തു. ഈ കേസ്സ് 27-01-2026-ന് കോടതിയുടെ പരിഗണനയ്ക്ക് വീണ്ടും വരുന്നുണ്ട്.

9. നായർ സർവീസ് സൊസൈറ്റിക്ക് നൽകിയിട്ടുള്ള ഉത്തരവ് സുപ്രീംകോടതിയുടെ അനുമതിക്ക് വിധേയമായി സമാന സ്ഥിതിയിലുള്ള മറ്റ് മാനേജ്മെന്റുകൾക്കും ബാധകമാക്കുകയെന്നതാണ് സർക്കാർ നയം. അതോടെ ഭിന്നശേഷി വിഷയവുമായി ബന്ധപ്പെട്ട് താൽക്കാലിക ശമ്പള സ്കെയിൽ തുടരുന്നവർക്കും ദിവസവേതന അടിസ്ഥാനത്തിൽ തുടരുന്നവർക്കും അവരുടെ നിയമന തീയതി മുതൽ തന്നെ സ്ഥിര നിയമനം നൽകാൻ സാധിക്കും. ഇതിലേക്കായുള്ള എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വിവിധ വിദ്യാഭ്യാസ ഓഫീസുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന നിയമന അംഗീകാര ഫയലുകൾ തീർപ്പാക്കുന്നതിനായി സംസ്ഥാനതല അദാലത്തുകൾ ഈ മാസം 23, 27, 29 തീയതികളിൽ മൂന്ന് മേഖലകളിലായി സംഘടിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്.

10. സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി സംവരണ നിയമനവുമായി ബന്ധപ്പെട്ട് സുപ്രീംകോടതി 30-10-2023-ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവുപ്രകാരം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി നിയമന നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഒരു സംസ്ഥാനതല സമിതിയും ജില്ലാതല സമിതികളും രൂപീകരിച്ചും ചുമതലകൾ നിശ്ചയിച്ചും 24-03-2025-ന് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. നിലവിൽ സെക്കൻഡറിതലം വരെയുള്ള ജില്ലാ സമിതികളുടെ തിരഞ്ഞെടുപ്പ് നടപടികൾ പൂർത്തിയായിട്ടുണ്ട്. ആദ്യഘട്ടത്തിൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട യോഗ്യതയുള്ള 450-ഓളം ഉദ്യോഗാർഥികൾക്ക് നിയമന ശിപാർശ 23-01-2026-ന് കൈമാറുന്നതാണ്. ജില്ലാതല സമിതികൾ മുഖേനയുള്ള തിരഞ്ഞെടുപ്പ് പ്രക്രിയ ഈ വർഷം ഒരിക്കൽക്കൂടി നടത്തുന്നതുമാണ്.

11. ജില്ലാതല സമിതികൾ മുഖേനയുള്ള ഭിന്നശേഷി ഉദ്യോഗാർഥികളുടെ നിയമന നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ഇതുസംബന്ധിച്ച ഒരു നടപടി റിപ്പോർട്ട് സുപ്രീം കോടതിക്ക് സമർപ്പിക്കേണ്ടതായിട്ടുണ്ട്. ആയത് സമർപ്പിക്കുന്ന അവസരത്തിൽ എൻ.എസ്.എസ്. മാനേജ്മെന്റിന് നൽകിയ അതേ ആനുകൂല്യം മറ്റ് സമാന മാനേജ്മെന്റുകൾക്കും നൽകുന്ന കാര്യത്തിൽ എത്രയുംവേഗം തീരുമാനമുണ്ടാകണമെന്ന് സുപ്രീംകോടതിയോട് ആവശ്യപ്പെടുന്നതുമാണ്.

12. ഈ വിഷയത്തിൽ സർക്കാരിന് തുറന്ന സമീപനമാണുള്ളത്. ആരുടേയും ആനുകൂല്യങ്ങൾ തടഞ്ഞുവയ്ക്കുന്നത് സർക്കാർ നയമല്ല. അധ്യാപകർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ അവർക്ക് എത്രയുംവേഗം ലഭ്യമാക്കുന്നതിന് സുപ്രീംകോടതിയിൽനിന്ന്

അനുകൂല ഉത്തരവ് ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്.

13. പൊതുവിദ്യാഭ്യാസ വകുപ്പിൽ കഴിഞ്ഞ അഞ്ച് വർഷക്കാലത്ത് സർക്കാർ/എയ്ഡഡ് മേഖലകളിലായി മുപ്പതിനായിരത്തി അഞ്ഞൂറ്റി അറുപത്തി നാല് (30,564) അധ്യാപക നിയമനങ്ങൾ നടത്തിയിട്ടുണ്ട്. ഇതിൽ പതിനയ്യായിരത്തി അമ്പത് (15050) തസ്തികകൾ പി.എസ്.സി. വഴിയാണ് നിയമനം നടത്തിയത് എന്ന വിവരവും ഈ അവസരത്തിൽ ഞാൻ സഭയെ അറിയിക്കുന്നു.

**(4) മാവൂർ തെങ്ങിലക്കടവിൽ കാൻസർ സെന്റർ ആരംഭിക്കുന്നത് സംബന്ധിച്ച് ശ്രീ. പി. ടി. എ. റഹീം എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച വിശദമായ മറുപടി**

മാവൂർ കാൻസർ സെന്ററിനെ കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിന് കീഴിലുള്ള ഒരു കാൻസർ സ്ക്രീനിങ് സെന്ററായി മാറ്റുന്നതിന് 05-08-2016-ലെ സ.ഉ(സാധാ)2174/2016/ആ.കു.വ. പ്രകാരം സർക്കാർ തീരുമാനം കൈക്കൊണ്ടിരുന്നു. കാൻസർ കെയർ സെന്ററിൽ ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനുവേണ്ടി പൊതുമരാമത്ത് വിഭാഗത്തെ ചുമതലപ്പെടുത്തിയും പ്രസ്തുത യോഗത്തിൽ തീരുമാനമെടുത്തിരുന്നു. കാൻസർ കെയർ സെന്റർ പ്രാവർത്തികമാക്കുന്നതിലേക്കായി ഒരു കോടി രൂപ 4210-03-105-92-PV എന്ന മൂലധന ശീർഷകത്തിൽ വകയിരുത്തി 23-03-2022-ലെ സ.ഉ(സാധാ)663/2022/ആ.കു.വ. പ്രകാരം സർക്കാർ ഉത്തരവും പുറപ്പെടുവിച്ചു. ഇതുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ ബഹുമാനപ്പെട്ട ആരോഗ്യ-വനിത-

ശിശുവികസന വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ 23-03-2022-ൽ കൂടിയ യോഗത്തിൽ ചർച്ച ചെയ്തിരുന്നു. പ്രസ്തുത യോഗതീരുമാനത്തിന്റെകൂടി അടിസ്ഥാനത്തിൽ മലബാർ കാൻസർ സെന്ററുമായും പ്രദേശത്തെ മറ്റ് ഓങ്കോളജി സംവിധാനങ്ങളുമായും കൂടിയാലോചിച്ച് ഇക്കാര്യത്തിലുള്ള ഒരു റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കാൻ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് സർക്കാർ നിർദേശം നൽകിയതിനെത്തുടർന്ന് കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഒരു യോഗം ചേരുകയുണ്ടായി. തുടർന്ന് കോഴിക്കോട് ജില്ലയിലെ മാവൂർ തേങ്ങിലക്കടവ് പ്രദേശത്ത് സർക്കാരിന് സൗജന്യമായി ലഭിച്ച ഭൂമിയിൽ ഇതുവരെയും മെഡിക്കൽ കോളേജിന്റെ ഒരു കാൻസർ കെയർ യൂണിറ്റ് ആരംഭിക്കാത്തതിനാലും 23-03-2022-ലെ ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ നടത്തിയ യോഗ തീരുമാനമനുസരിച്ച് എൻ.എച്ച്.എം. ഒരു കോടി രൂപ ചെലവഴിച്ച് പ്രസ്തുത സ്ഥലത്ത് അടിസ്ഥാന സൗകര്യമൊരുക്കിയതിനാലും 24-09-2024-ൽ ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കോഴിക്കോട് ജില്ലാ പഞ്ചായത്ത് ടി സ്ഥലം ഏറ്റെടുത്ത് സൊസൈറ്റി രൂപീകരിച്ച് തുടർപ്രവർത്തനം നടത്താൻ തീരുമാനിക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ നടന്ന റീജിയണൽ റിവ്യൂ മീറ്റിങ്ങിൽ ഈ വിഷയം ചർച്ച ചെയ്യപ്പെട്ടതിനെത്തുടർന്ന് ഇതുമായി ബന്ധപ്പെട്ട് സർക്കാരിൽനിന്നുള്ള തുടർ നിർദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് കോഴിക്കോട് ജില്ലാ കളക്ടർ/ലാൻഡ് റവന്യൂ കമ്മീഷണർ അറിയിക്കുകയുണ്ടായി. ഇക്കാര്യത്തിലുള്ള നടപടിക്രമങ്ങൾ വേഗത്തിലാക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. കുന്ദമംഗലം നിയോജകമണ്ഡലം എം.എൽ.എ.-യുടെ സാന്നിധ്യത്തിൽ

കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ലാൻഡ് റവന്യൂ കമ്മീഷണർ, കോഴിക്കോട് ജില്ലാ കളക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, മലബാർ കാൻസർ സെന്റർ ഡയറക്ടർ, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ, കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി എന്നിവരെ ഉൾപ്പെടുത്തി ഒരു യോഗം 08-10-2025-ൽ ബഹു. ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി നടത്തിയിരുന്നു. ഭൂമിയുടെ നിലവിലുള്ള ഉടമസ്ഥാവകാശം വകുപ്പിൽ നിലനിർത്തിക്കൊണ്ട് കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജുമായി സഹകരിച്ച് കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടുന്ന ആരോഗ്യ സ്ഥാപനങ്ങളുടെ മാതൃകയിൽ) തെങ്ങിലക്കടവിൽ കാൻസർ സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കേണ്ടതാണെന്നും സർക്കാർ തലത്തിൽ ഇക്കാര്യത്തിൽ ഉത്തരവ് പുറപ്പെടുവിക്കേണ്ടതുണ്ടെങ്കിൽ ഇതിനായുള്ള ഉചിതമായ പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാക്കേണ്ടതുണ്ടെന്നും യോഗത്തിൽ തീരുമാനിച്ചിരുന്നു. യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ റേഡിയോതെറാപ്പി വകുപ്പുമേധാവി ഇക്കാര്യത്തിലുള്ള ഒരു പദ്ധതി രേഖ സമർപ്പിക്കുകയും ആയത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ 20-01-2026-ലെ PB2-6640/2025/മെ.വി.വ നമ്പർ കത്തുപ്രകാരം സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ റേഡിയോതെറാപ്പി വകുപ്പുമേധാവി സമർപ്പിച്ച പദ്ധതി രേഖ പരിശോധിച്ച് സർക്കാർ തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്.